# സ്പർശമണികൾ (1991)

## ഉള്ളടക്കം


ഹ കൃതജ്ഞത മാത്രം
ഹ നിത്യവിസ്മയം
ഹ പഞ്ചാബിന്റെ ഹൃദയം
ഹ ശാസ്ത്രം
ഹ വെണ്മണിപ്രസ്ഥാനികൾ
ഹ കക്കാടേ, നമസ്കാരം
ഹ ഗോർബച്ചേവ്
ഹ പോറ്റമ്മ
ഹ ഭയം
ഹ നാമയുഗം
ഹ തെരുവിലെ മാവേലി
ഹ ഒരു പൂണൂൽക്കാരന്റെ മനോരാജ്യം
ഹ ഞാനും നീയും
ഹ പത്രവായന നിർത്തണോ?
ഹ പനിനീർപ്പൂവിന്റെ നെഹ്റു
ഹ ഇദം ന മമ*
ഹ കട്ടോടഞ്ചാത്തൻ*
ഹ അഷ്ടാക്ഷരി
ഹ പന്തിരുകുലക്കാർ
ഹ നവനീതം
ഹ ഡോലി
ഹ ഹരിശ്രീ
ഹ വിശിഷ്ടാതിഥി
ഹ മഞ്ഞക്കിളികൾ
ഹ കാട്ടമ്പലത്തിൽ
ഹ അതുവയ്യേ?
ഹ ആനച്ചിറകിൽ
ഹ ഈശ്വരന്റെ ദിഗ്ഭ്രമം
ഹ മുക്കൂട്ട്
ഹ വാർധക്യമൗനം
ഹ ചെറുവള്ളൂർക്കവി*
ഹ കണ്ണിമാങ്ങാപ്രായത്തിൽ
ഹ മാധവോല്ലാസം
ഹ വ്യാഴവട്ടങ്ങൾക്കു ശേഷം
ഹ വിടരാതിരിക്കില്ല
ഹ കർഷകപ്രതിജ്ഞ
ഹ നീതന്നെയല്ലീ ഞാൻ?
ഹ വിവേചനം
ഹ പട്ടം
ഹ ഒമ്പതക്ഷരം
ഹ അബ്ദുള്ള
ഹ എവിടെപ്പോയി?
ഹ നേട്ടവും കോട്ടവും
ഹ പാലം
ഹ സ്പർശമണികൾ*


## കൃതജ്ഞത മാത്രം

നാവിലെപ്പൊഴും സ്പന്ദിപ്പൂ നിത്യതാ–
നാമരൂപമാമാനന്ദം; ആകയാൽ
പ്ലാവിലക്കഞ്ഞി ചുണ്ടോടടുപ്പിക്കെ
പാലടയെന്നറിവൂ രസനയിൽ.
കിട്ടിയ കീറത്തോർത്തുമുടുക്കുമ്പോൾ
പട്ടുവസ്ത്രമുരസുന്നു മേനിയിൽ.
മെറ്റലിട്ട നിരത്തിൽ വീണീടിലും
മെത്തയിൽ കൺമിഴിച്ചെഴുന്നേൽപ്പൂ ഞാൻ.
ബോധമറ്റു ഞാൻ പേ പറയുമ്പൊഴും
വേദവാക്യം ചെവിക്കൊൾവൂ പാർഷദർ.
ശത്രുവിന്റെ ശകാരമിന്നെൻ കാതിൽ
മിത്രകീർത്തനമായിപ്പൊഴിയുന്നു.
കാളവണ്ടിയും ഞാനതിൽക്കേറവേ
കാഞ്ചനപുഷ്പകമായ്പ്പറക്കുന്നു.

എന്തുകൊണ്ടിതു സംഭവിക്കുന്നുവെ–
ന്നന്തരാ ഞാൻ വിയർത്തു കുളിക്കവേ,
കണ്ണുനീരിൽ തെളിയുന്നുവോ പീലി–

ക്കണ്ണ,തിൻ കീഴെത്തൂമന്ദഹാസവും?
നാവിലിപ്പോഴും സ്പന്ദിച്ചുനിൽപ്പൂ നീ
നാമരൂപനിത്യാനന്ദപൂർണ്ണതേ!
ഇല്ലെനിക്കു പരാതിയിന്നാരൊടും;
ഉള്ളതെല്ലാവരോടും കൃതജ്ഞത!

## നിത്യവിസ്മയം

വിശാലതയിലേക്കെടുത്തു ചാടുന്നു
വികസ്വരം മമ ഹൃദയമെങ്കിലും
വലിപ്പതാരെന്നെജ്ജനിച്ച കുഗ്രാമ–
വളപ്പിലേക്ക,തു കുലദൈവങ്ങളോ,
പടിഞ്ഞാറെ മുറ്റത്തനങ്ങാതിപ്പൊഴും
പടർന്നു നിൽക്കുന്ന പുളിമരക്കാടോ,
പുളിമരക്കൊമ്പിലെഴുന്നേറ്റു നിന്നാൽ
പുളകവായ്പ്പോടെത്തൊടാവുന്ന മുഴു–
മതിയുടെ പൊട്ടിച്ചിരിപ്രളയമോ?
കുളത്തിലിപ്പോഴും മഴമുഴക്കത്തിൽ–
ക്കുമിയുന്ന വെള്ളിത്തവളപ്പൊട്ടിലോ,
തവളപ്പൊട്ടിലിൽത്തുടിക്കും ജീവന്റെ
തരികളോ, ജീവസ്മിതമഹസ്സായി
തൊടിയിലൊക്കെയും വിടരുന്ന തുമ്പ–
ക്കുടങ്ങളിൽത്തത്തും നനുത്ത വെണ്മയോ,
നനുത്ത വെണ്മയിൽത്തുളുമ്പുമുണ്മയോ?
എനിക്കസാധ്യമിസ്സുഖം വിവരിക്കാൻ:
കുനിക്കുന്നേൻ മൗലി; അടയ്ക്കുന്നേൻ കൺകൾ.

## പഞ്ചാബിന്റെ ഹൃദയം

‘‘ലക്ഷ്മണസിംഹനു വെടികൊണ്ടിട്ടേ
ആത്മാരാമനു കൊള്ളൂ’’,
മനസ്സിൽനിന്നു തെറിപ്പൂ വിണ്ണിൽ
മന്ത്രം പോലൊരു വാക്യം.
അടുത്ത നിമിഷം പൂമുഖവാതിലി–
ലാരോ മുട്ടി വിളിച്ചൂ;
തുറന്ന വാതിൽപ്പഴുതിൽക്കൈത്തോ–
ക്കിരച്ചുവന്നു കുരച്ചൂ.
പറഞ്ഞ വാക്കിനു ലക്ഷ്മണനിണം അടി–
വരയിട്ടപ്പോഴേക്കും
രണ്ടാമത്തെ വെടിത്തിരയേറ്റുൾ–
ക്കൊണ്ടുകഴിഞ്ഞു പിന്നിൽ
നാനാക്കിൻ പരമാനന്ദം, സ്വ–
പ്രാണനിലാത്മാരാമൻ.[1]

ചിത്തം ഞൊടികൊണ്ടാകാശത്തേ–
ക്കുദ്ധൃതമാവുകയാണോ?
കേന്ദ്രസർക്കാരാപ്പീസ്പ്പടിയിൽ
കാവലിരുന്നു നരയ്ക്കെ
അകലെ സ്വർണ്ണം വിളയും നാടി–
ന്നവശാരക്ഷിതഗതിയിൽ
വിനകൾ വിഴുങ്ങും സ്വജനമുഖങ്ങളെ
മനസാ മുകരും ശിഖനോ,
ദൂരെയെറിഞ്ഞൂ ദിനപത്രം; മിഴി
തേറുകയാണിച്ചിത്രം:
വാരിയെടുത്താ ലക്ഷ്മണനെ ദ്രുത–
മാരോ തോളിൽ വഹിപ്പൂ?
ആത്മാരാമനെ മറ്റേത്തോളിലു–
മാ ദൃഢകായനിരുത്തീ.
സ്ഫാരദിവാകരബിംബംപോലെ
സ്ഫാടികസൂക്ഷ്മ ശരീരൻ
പഞ്ചനദങ്ങളിലിപ്പോളൊഴുകും
പഞ്ചാഗ്നികളിൽക്കൂടി
കാൽ പൊള്ളാതെ നടന്നു വരുന്നൂ
കാഞ്ചനശോഭനരൂപൻ!
മരുത്സുതൻ പോലിദ്ദേഹവുമു–
ച്ചരിപ്പിതേതോ നാമം.
വറ്റാക്കണ്ണീർച്ചാലുകൾ കാലടി–
യറ്റംവരെയുമൊലിപ്പൂ.
കാലടിവെപ്പിലൊരമൃതസരസ്സുട–
നോളം തുള്ളി രമിപ്പൂ.

തലയിൽക്കെട്ടും താടിയുമക്ഷിയി–
ലലിവലമാലയുമായി,
ഒരു കൈയാൽ ജപമാല ചുഴറ്റി,
മറുകൈ വാനിലുയർത്തി,
ഗ്രന്ഥസാഹിബ്ബിനെ ജനനയന–
ഗ്രന്ഥിയിൽ പതിയിക്കെ
കലിയുഗ ഹനുമാനിദ്ദേഹത്തിൻ
കണ്ണീർപ്പുഴതൻ ശ്രുതിയിൽ
തോളിലിരിക്കും രാമലക്ഷ്മണർ
തോറ്റം പാടുകയല്ലോ:
‘‘തലമുടി കെട്ടിത്താടിവളർത്തിയ
തന്റേടികളെപ്പറ്റി
ഭൂമിക്കുള്ളിൽ പൂർവികരിപ്പൊഴു–
മാമോദിപ്പതു കേൾപ്പൂ,
പഞ്ചനദീയന്മാരാമവരുടെ
പിഞ്ചോമനമാർ ഞങ്ങൾ,
ഗുരുനാനാക്കിൻ തോളിലിരിക്കും
രാമലക്ഷ്മണർ ഞങ്ങൾ.
ഞങ്ങളിലൂടെ സ്വതന്ത്രഭാരത–
മംഗളഗീതി ജയിപ്പൂ.
മക്മോഹനിൽ മതിൽകെട്ടീ ഞങ്ങടെ

മാംസാസ്ഥികളിലെ മാനം.
ചീനക്കാരുടെ കന്മതിലെങ്ങീ
മജ്ജാസ്രച്ചുമരെങ്ങോ?
ഞങ്ങടെ ഗുരുവിൻ കരളിലിരിപ്പൂ
തുംഗഹിമാലയശിഖരം,.
ഉദയാസ്തമയമരീചികൾ ചിന്തിയൊ–
രുന്മേഷമുഹൂർത്തത്തിൽ
ഗംഗയിൽ മുങ്ങിപ്പൊങ്ങും സ്ഥാവര–
ജംഗമശുഭസംഗീതം
കാലം കണ്ണു മിഴിക്കും വാനിൽ
കല്പഗണിതംകണ്ടൂ.
ഉദയാസ്തമയമരീചികൾ ചിന്തിയൊ–
രുന്മേഷപ്രളയത്തിൽ
മഞ്ഞത്തുകിലിലൊരോടപ്പുല്ലിലെ
മാണിക്യധ്വനി കേട്ടൂ.
ബോധിവൃക്ഷച്ഛായയിലിഴുകിയ
രോദന നുരയും സിരയിൽ
കാലടിവെപ്പിലൊരദ്വൈതത്തിൻ
കാന്തിപൂക്കൽ മണത്തൂ.
വിരിവു ഞങ്ങളിൽ വേദവ്യാസം,
ചൊരിവു വിവേകാനന്ദം,
താരണിയുന്നു മഹാത്മീയതയുടെ
ഭാരതഭാഗ്യവിധാനം.
ഞങ്ങളെ ഞങ്ങൾ മറന്ന യുഗങ്ങളിൽ
ഞങ്ങടെ ചൂഴെ വളർന്നൂ
പുറ്റുകൾ; അവയിലനാഹതചക്ര–
ച്ചുറ്റിൽ പ്രണവമുയർന്നൂ.
ആരുടെ തോളിലിരിപ്പൂ ഞങ്ങ,ള–
വൻതൻ ധീരാദ്വൈതം
ചെരിപ്പുകുത്തികൾ പാടിയ പാട്ടിൻ[2]
ചേരുവയായിത്തീർന്നൂ;
ക്ഷൗരക്കാരുടെ പാട്ടിൽ[3]പ്പോലും
ക്ഷൗമദ്യുതിയായ്ച്ചേർന്നൂ.
ജപമാലയുമായ് ലങ്കയിലെത്തിയ
ജനനേതാവിദ്ദേഹം
അതിമാനുഷയുഗമണയാനത്രേ
കുതികാൽ പൊക്കുവതിപ്പോൾ.
ഹൃദ്യം ഞങ്ങടെ സംഗീതശ്രുതി–
യിദ്ദേഹത്തിൻ നാമം,
ഇദ്ദേഹത്തിൻ ഹൃൽച്ചന്ദ്രനിലി–
ല്ലർജുന[4]ദേവകളങ്കം!
ഗുരുഗോവിന്ദൻ[5] വീശിയ വാളിലെ–
യിരുതല മൂർച്ചയുമില്ല!
ഭിന്ദ്രഭ്രാന്തികൾ പൊട്ടിക്കും വെടി[6]–
യുണ്ടക്രൗര്യവുമില്ല!
തലയോടുകളാലിപ്പോൾ തീർത്തതു
രക്തകുവർണ്ണക്ഷേത്രം!
കരയാനറിയാത്തവനേ വാളാ–

ലരിയൂ നിജഗളനാളം,
കെട്ടിപ്പുണരാനറിയാത്തവനേ
പൊട്ടിക്കൂ വെടിയുണ്ട.
കോടി മനുഷ്യരെ നിഹനിച്ചിട്ടും
നേടീലാ പക ലക്ഷ്യം:
അമ്മയെമാത്രം കൊല്ലാൻ ഭീകര–
നാളായിട്ടില്ലിന്നും.
ഭാരതമാതൃവചോമൃതമിന്നും
കാതു മതിർപ്പിക്കുന്നു:
''പഞ്ചനദസ്മൃതിയിന്നും വൈദിക–
പഞ്ചമരാഗാലാപം
കാലം നിരവധി: ഏകം സത്തിഹ
കാണായ്ത്തീരും നാളെ.''
ദൂരെയിരുന്നാഗ്ഗീതിയിൽ മുഴുകി–
ച്ചേർന്നു ശിഖൻതൻ മൗനം:
''ചീറുകയാവാം പഞ്ചനദത്തിൽ
ഭീരു വെടിത്തിരയിന്നും.''

## ശാസ്ത്രം

മുത്തുമാല തിരിപ്പിടിക്കും പടു–
വൃദ്ധനെന്തോ ജപിപ്പൂ നിരന്തരം.
ആ മനുഷ്യനറിവീല വണ്ടിയി–
ലാളു കേറിയിറങ്ങും ബഹളങ്ങൾ.
കണ്ടു വിസ്മയിക്കുന്ന വിദ്യാർത്ഥിതൻ
ചുണ്ടിൽനിന്നു വിനയം വിടരുന്നു,
''അങ്ങൊരഭ്യസ്തവിദ്യനാണെങ്കിലു–
മന്ധവിശ്വാസം മാറിയിട്ടില്ലല്ലി?''
''ഇല്ല'', പെട്ടെന്നു വന്നൂ മറുപടി,
''ഇല്ല നിങ്ങൾക്കിബ്ഭള്ളെന്നറിവൂ ഞാൻ''.
''ഇല്ല'', ചൊല്ലി വിദ്യാർത്ഥിയും, ''ശാസ്ത്രത്തി–
ലുള്ള വിശ്വാസം സുസ്ഥിരമാകയാൽ''.
''ശാസ്ത്രമോ? അതെന്താണെ?''ന്നു വൃദ്ധന്റെ
നേത്രയുഗ്മം നിറഞ്ഞു തുളുമ്പവേ
ആദരവുള്ള വിദ്യാർത്ഥി ചൊൽകയാ–
''ണാവതില്ലെനിക്കങ്ങയെ നോവിക്കാൻ''.
മിണ്ടിയില്ല രണ്ടാളും കുറച്ചിട
വണ്ടി പായും രടിതം ശ്രവിക്കയാൽ.
പിന്നെ വീണ്ടും പറഞ്ഞു യുവാവഭി–
വന്ദ്യദർശനൻ വൃദ്ധനോടിങ്ങനെ,
''മേൽവിലാസം തരാമെങ്കിൽത്തപ്പാലിൽ
ഞാനയയ്ക്കാം ചില ലഘുലേഖകൾ;
സാവധാനം ഗ്രഹിക്കാമതിൽനിന്നു
സാറിനെന്താണു ശാസ്ത്രമെന്നത്രയും''.
കീശയിൽനിന്നു വൃദ്ധനെടുക്കുന്നു
പേശലമൊരു മേൽവിലാസക്കുറി
കിട്ടിയ കാർഡിൽ വിദ്യാർഥിതൻ മിഴി
പറ്റിനില്ക്കെപ്പറക്കുന്നു കൽപ്പങ്ങൾ
മഞ്ഞുകട്ടയെക്കാളും മരവിച്ച

മാനുഷാശയാനന്തായനങ്ങളിൽ:
''ലൂയി പാസ്റ്റർ, ഡയരക്റ്റർ ഓഫ്
സൈന്റിഫിക് റിസർച്, പാരീസ്''.

# വെണ്മണിപ്രസ്ഥാനികൾ

പൂരക്കാലത്തക്കാ–
ദമിയിൽപ്പൊടിപാറുമക്ഷരശ്ലോകം;
വെണ്മണിശതാബ്ദിയല്ലോ;
മണ്ണറവിട്ടണവു സഹൃദയോല്ലാസം.

അന്നമയവിമുക്തന്മാർ
അക്കാദമിഗേറ്റിൽ വന്നു ചെവിയോർപ്പൂ;
മൈക്കിൽക്കൂടിയൊലിപ്പൂ
മധുരം വറ്റാത്ത വെണ്മണിശ്ലോകം.

വെണ്മണിയച്ഛൻ, മഹനും,
നടുവം മഹ, നച്ഛനും – കഴിഞ്ഞില്ല –
ഒറവങ്കര, കാത്തുള്ളിയു–
മുണ്ടാസ്സംഘത്തിലിന്നു 'വീസി'വരെ.

ഗേറ്റിൻ മറുഭാഗത്തോ?
കുഞ്ഞിക്കുട്ടൻ, ശിവോള്ളി, വള്ളത്തോൾ,
ഉള്ളൂ,രാശാൻ,മുതൽപേർ;
അവർ ചെവിതേറീ പുറത്തെ വാഗ്വാദം;

''വെണ്മണിമലയാളത്തെ–
ക്കണ്മണി പോൽ കാത്ത സഹൃദയാഹ്ലാദം
പൂരക്കാലത്തിവിടെ–
പ്പൂരിതഹർഷം പുനർജനിക്കുന്നു.

പിൻതലമുറ വെണ്മണികളെ–
യെന്തു വിനായകചതുർഥിയായ്ക്കാണാൻ?
കാമവികാരത്തെളിമധു
കവിതയിലാവിഷ്കരിച്ചതോ കുറ്റം?

ഉള്ളൂർ സ്വാമി വെടിപ്പാ–
യുരചെയ്തിട്ടും മനസ്സിലായില്ലേ?
'വെണ്മണിശൃംഗാരത്തി–
ന്നൂറൽ വെറും നർമബോധമാകുന്നു.'

തിര്യക്സാധാരണമാം
ഭാവത്തിൻ കർണ്ണികാരസൗഭാഗ്യം
വെണ്മണി; വിപ്ലവിയെന്തിനു
കണ്ണുതുറിക്കുന്നു വാപൊളിക്കുന്നു?

വിപ്ലവമിത്തലമുറയിൽ–
സ്സന്ന്യാസത്തിന്റെ തദ്ഭവംതാനോ?
മുദ്രാവാക്യത്തിൽപ്പര–
മില്ലാ സാഹിത്യമെന്നുമായ്പ്പോയോ?

അക്കാദമി പോലും പൊരുൾ
കാണരുതെന്നോർത്തു കണ്ണടച്ചില്ലേ?
എന്നിട്ടും ജീവിപ്പൂ
മലയാളികൾതൻ മനസ്സിലാ യക്ഷൻ!''

മാടിവിളിച്ചാനവരെ–
ഗ്ഗേറ്റിൻ മറുഭാഗമുള്ള വള്ളത്തോൾ
കുനിയുന്ന ശിരസ്സോടെ–
കുറ്റക്കാരന്റെ നൊമ്പരത്തോടെ.

'ഞാനീയക്കാദമിയിൽ
പ്രഥമോപാധ്യക്ഷനായിരുന്നിട്ടും
എന്റെ ഗുരുക്കന്മാരെ–
ച്ചുമരിൽ സ്ഥാപിക്കുവാൻ കഴിഞ്ഞില്ല!'

വെണ്മണിതൻ കാവ്യരസം
ബീഭത്സം തന്നെയാകിലെന്തുള്ളൂ?
ബീഭത്സം രസമല്ലേ?
ഒറവങ്കര നടുവമിവരുമങ്ങനെയോ?

കാമത്തെക്കവിതയെയും
കൈകാര്യംചെയ്‌വൂ ശുക്രനെന്നല്ലീ
ഗ്രഹണം ഗണിച്ചു പറയും
താടിക്കാർ നിർവചിച്ചിരിക്കുന്നു?

ശുക്രനെ വാരിവിഴുങ്ങാൻ
സാധിക്കില്ലേതു നക്രതുണ്ഡിക്കും:
ശൃംഗാരം താനിന്നും
മാനവഹൃൽസൂക്ഷ്മലോകരസരാജൻ!

'വെണ്മണി–ശിവോള്ളി–രക്തം
ധമനിയിലൊഴുകുന്ന കവിക'ളെന്നൊക്കെ
ഇന്നുള്ളവരെപ്പോലും
ഭർത്സിച്ചില്ലേ നിരൂപകമ്മന്യർ?

ഞങ്ങൾക്കാപ്പരിഹാസം
തൊപ്പിയിൽ വെൺതൂവലായി വിലസുന്നു;
ഒന്നേയുള്ളൂ വിശേഷം
തൊപ്പി ധരിച്ചില്ല ഞങ്ങളിന്നുവരെ!

ഒടുവിൽ പതിച്ചുകിട്ടി ശി–
വോള്ളിക്കും ചതുരവാര ചുമരിന്മേൽ
അക്കാദമിയിൽ; പ്പക്ഷേ,
വെളിയിൽത്താൻ ഞങ്ങൾ ബിൽഹണപ്രായർ.

കൈരളി കവിതാമധുര–
സ്വാതന്ത്ര്യത്തിന്നനന്തതാപുളകം
അറിയാനിടയാക്കിയവൻ
ബ്രഹ്മസ്വത്തിന്റെ പടിയിലാണിന്നും!

അദ്ദേഹത്തോടൊപ്പം
തേക്കിൻ കാടിപ്പൊഴും വലംവെയ്പൂ
ഞങ്ങളുമക്കാദമിയാ–

ലവഗണിതന്മാർ പരാതിയില്ലാതെ.

തേക്കിൻകാടിപ്പോൾ തനി
തേക്കില്ലാക്കാടുമാത്രമാവുകയാൽ
പാരപ്പെറ്റിൽപ്പൊഴിവൂ
വെണ്മണിയുടെ വേർപ്പുതുള്ളി,ഞങ്ങടെയും.

സന്ധ്യയ്ക്കതു കാൺകെത്തൃ–
ശ്ശിവപേരൂർക്കാർ വൃഥാ വിചാരിപ്പൂ;
'മഴപെയ്തിട്ടില്ലിപ്പോൾ;
ഇതു പക്ഷേ, മഞ്ഞുതുള്ളിയായേക്കും'.

സമകാലീനന്മാരെ–
പ്പുളകം കൊള്ളിച്ച ഞങ്ങൾ പറയുന്നു;
'അധികാരപ്രവണതയുടെ
വരൾവാദത്തിനു വഴങ്ങിടാ ഞങ്ങൾ'.

കാമത്തെ സ്പർശിക്കാ–
ത്തൂലികയേതുള്ളു സർഗഭൂമികയിൽ?
വെണ്മണി മോശം; പക്ഷേ,
സോള മഹാൻ; മോപ്പസാങ് മഹാകേമൻ!

പൊളിയുമിരട്ടത്താപ്പുകൾ
മേലാക്കത്തെത്തുറന്ന ചന്തകളിൽ:
ദൂരെക്കാണ്മൂ ഞങ്ങടെ
വള്ളത്തോളിൻ വിലാസലതികാശ്രു.

കുഞ്ഞിക്കുട്ടൻ മുതലാ–
ച്ചങ്ങമ്പുഴവരെയുമുണ്ടു ചുമരിന്മേൽ;
ഇവരാരും തെറിയെഴുതീ–
ട്ടില്ലെന്നല്ലീ ധരിപ്പൂ വിപ്ലവികൾ?

കാമത്തെ സ്പർശിക്കാ–
താരുണ്ടീപ്പാരിലമ്പുകൊണ്ടവരിൽ?
കണ്ടാലറിയാത്തവരേ,
കൊണ്ടാലും നിങ്ങളറികയില്ലെന്നോ?

മുഖമൂടി ധരിച്ചവരേ,
സ്വഗൃഹത്തിൽച്ചെന്നു നിങ്ങൾ ചെവിയോർപ്പിൻ
കേൾപ്പിൻ മുലകുടിമാറാ–
ച്ചുണ്ടുകളിൽ തത്തിടുന്ന മാധുര്യം:

'ഓമനക്കുട്ടൻ ഗോവിന്ദൻബല–
രാമനെക്കൂടെക്കൂടാതെ
കാമിനീമണിയമ്മതന്നങ്ക–
സീമനിചെന്നു മേവിനാൻ.'

ഞങ്ങൾ ചിരഞ്ജീവികളി–
ത്തേക്കിൻകാട്ടിൽ പ്രദക്ഷിണം വെയ്പൂ
ശ്രീമൂലസ്ഥാനത്തെ,–
ശ്ശങ്കരനാരായണൈകമത്യത്തെ!

# കക്കാടേ, നമസ്കാരം

"അക്ഷയാനന്ദാമൃതരശ്മിയെയമ്പത്തിയൊ–
ന്നക്ഷരങ്ങളിൽ സംഭരിച്ചവൻ വിളിക്കുന്നു,
അക്ഷയപ്രബോധോദയാർക്കനെയമ്പത്തിയൊ–
ന്നക്ഷരങ്ങളിൽ ശേഖരിച്ചവൻ വിളിക്കുന്നു!''
ആരിതെ,ൻ ചിരന്തനസുഹൃത്താം കക്കാടിൻ ശാ–
രീരസൗഷ്ഠവമല്ലോ വീണ്ടും ഞാൻ ചെവിക്കൊൾവൂ
ഫോണിന്റെ റിസീവറിൽക്കൂടിയീ നിബിഡാന്ധ–
കാരത്തിൽ! ഇതാ, വീണ്ടും കക്കാടിൻ സുഗ്രീവാജ്ഞ:
''പുലരും മുമ്പേ പിടഞ്ഞെഴുന്നേൽക്കണം, നാളെ
കുളിച്ചു കുറിയിട്ടു ധൃതിയിൽ ബസ്സിൽത്തൂങ്ങി
എത്തണം താനിത്തുഞ്ചൻമഠത്തിൽത്തൂങ്ങും ക്ലോക്കു
പത്തടിച്ചീടും മുമ്പേ!'' നടുങ്ങീടുകയോ ഞാൻ?
മരിച്ചൂ കക്കാടെന്ന ബോധമെന്തൊരു മൗഢ്യം:
ചിരിക്കുന്നുണ്ടോ വിജയോത്ഥമെന്നഹങ്കാരം?
ഒരു പട്ടുനൂൽപ്പുഴു പെട്ടന്നെന്നാത്മാവിനെ–
ക്കിറുണിപ്പെടുത്തിയോ? കോൾമയിർക്കുളിരിന്മേൽ
ചിറകു വിരുത്തും പൂമ്പാറ്റയോ? ബലേ, ചിറ–
കരികിൽ കക്കാടിതാ, സൗവർണ്ണലിപികളിൽ!
''എടോ,താനുറങ്ങിയോ? പാതിരയ്ക്കോ ഈ നാട്ടി–
ലുറക്കം? ജാത്യം, ജാത്യം!'' പന്തിരണ്ടാണ്ടിൻ മുമ്പേ
പെട്ടെന്നെൻ നാടൻ പൂമുഖത്തിന്റെ കവാടത്തിൽ
മുട്ടിയ കക്കാടിനെ വീണ്ടും ഞാൻ ചെവിക്കൊൾവൂ!
''മരിച്ചിട്ടില്ലേ താൻ?'' ഞാൻ ചോദിച്ചുപോയീ; പൊട്ടി–
ച്ചിരിക്കും കക്കാടോതീ വെടിയുണ്ടയെപ്പോലെ:
''മരിച്ചിട്ടില്ലാ; പാഞ്ചഭൗതികശരീരത്തെ–
ക്കരിച്ചു കളയാനേ മർത്ത്യർക്കു സാധിച്ചുള്ളു.
ഇസ്സനാതനബ്രഹ്മപ്രകൃതിക്കകത്തു ഞാ–
നിപ്പോഴും ജീവിക്കുന്നു; താൻ പക്ഷേ, വികൃതിയിൽ!''
ഞാനെത്ര മോശക്കാരനെന്നൊരു നിമിഷത്തെ
ഗ്ലാനി; ഞാൻ വേർക്കുന്നുണ്ടോ? സംശയം; അപ്പോഴേക്കും
കേൾക്കുന്നു നിസ്സന്ദേഹമക്കണ്ഠഘണ്ടാഘോഷം;
ക്ലോക്കുടൻ മണി രണ്ടെന്നറിയിക്കയും ചെയ്വൂ.
എന്നിട്ടും നിദ്രാണമെൻ ബുദ്ധിയിൽ ശങ്കാവിഷം:
''എടോ, ഞാനവിടനല്ലൂരിൽ വന്നതും പൊള്ളോ?
അങ്ങതൻ ജഡം ചിതയിങ്കലേക്കെടുത്തപ്പോൾ
അരുമസ്യാലൻ നീലകണ്ഠന്റെ ചെവിയിൽ ഞാൻ
അത്രമേൽ സുവിനീതമെന്നിച്ഛ പകർന്നതും
മിഥ്യയോ? നോക്കിക്കൊണ്ടേ നിന്നൊരെൻ മിഴി രണ്ടും
തലക്കാവേരിക്കൊപ്പം നിറഞ്ഞു വഴിഞ്ഞതും.
തഥ്യമല്ലെന്നോ?'' കേൾപ്പേനദൃശ്യസ്വരം വീണ്ടും:
''മിഥ്യയെന്നികഴ്ത്തേണ്ടതില്ല മായയെ; പ്പക്ഷേ,
തഥ്യം ഞാനിപ്പോളനുഭവിക്കുമമൃതം മാത്രം!
പറഞ്ഞതെന്തേ നീലകണ്ഠനോടു താനെന്നു–
മറിഞ്ഞേൻ: കർപ്പൂരവും ഘൃതചന്ദനങ്ങളും
ഹോമിക്കാൻ കഴിഞ്ഞെങ്കിലെന്നല്ലി? സ്വധർമ്മൈക–
പ്രേമിയദ്ദേഹം കൃതകൃത്യനുമായാനല്ലോ!
എന്തുകൊണ്ടാ നിർദ്ദേശം കൊടുത്തൂ താനെന്നും ഞാൻ

ചിന്തിക്കാതെയില്ലെ,ത്ര മറക്കാൻ ശ്രമിച്ചിട്ടും
പണ്ടു താനെഴുതിയ വരിയിപ്പൊഴുമെന്റെ
ചുണ്ടത്തു പറ്റിപ്പിടിച്ചിരിപ്പൂ ചൂളംപോലെ!
'ഘൃത ചന്ദന കർപ്പൂരങ്ങൾ തൻ സംഗത്താലു–
ദ്ധൃതജിഹ്വമാം ജാതവേദസ്സിൽ'ദ്ദഹിക്കട്ടെ
ദഹിക്കേണ്ടവയെന്നു താനെണ്ണി; ജവാഹറിൽ
ജ്വലിച്ച ജീവസ്നേഹമെന്നിലും താനീക്ഷിച്ചു.
അതുകൊണ്ടുതാനല്ലോ ഞാനിപ്പോളിരുൾ കീറി–
യവതീർണനായ് പ്രതിശ്രുതനായതും, തന്നോ–
ടൊരൊറ്റക്കാര്യം കാതിൽപ്പറയുന്നതും: തുഞ്ചൻ–
പറമ്പിൽച്ചെല്ലൂ, വിദ്യ വീണ്ടുമിന്നാരംഭിക്കൂ!''
മെല്ലെ ഞാനിമ വെട്ടിവിടർത്തി: ജനവാതിൽ–
വിള്ളലിലൂടെപ്പൂർവചക്രവാളത്തിൻ മീതെ
ഉജ്ജ്വലിക്കുന്നു ശുക്രൻ; എഴുന്നേറ്റോടിച്ചെന്നി–
ട്ടുച്ചത്തിലാക്രോശിപ്പേൻ: 'കക്കാടേ, നമസ്കാരം!'

# ഗോർബച്ചേവ്

''സാറിന്റെ[1] കാലം മുതൽക്കു
തടവിൽപ്പെട്ട ജിഹ്വയെ
മോചിപ്പിച്ച ജവാത്മാവിൻ
പേരെന്താകുന്നു സഞ്ജയ?''

''ആജന്മാന്ധ്യങ്ങളിൽത്തപ്പി–
ത്തടയും പ്രപിതാക്കളേ,
അവന്റെ പേരു ഗോർബച്ചേ–
വെന്നോതീ ജഗദംബിക.''

''മൂന്നു കാലടിയാൽ[2]പ്പോലേ
മൂന്നു വർഷങ്ങളാലവൻ
എന്തേ നേടിയതെന്നോതി–
ത്തരൂ ശാശ്വത, സഞ്ജയ!''

''തുറന്നുവിട്ടൂ മനുഷ്യാ–
ത്മാവിൻ സ്വാതന്ത്ര്യവാഞ്ഛയെ
മരിച്ചാലും മരിക്കാത്ത
ചിദാനന്ദവിശുദ്ധിയെ.''

''ചെയ്തില്ലയോ പിന്നെയൊന്നു–
മാ ത്രിവർഷ ഭഗീരഥൻ?[3]''

'കെട്ടിയിട്ടൂ മദ്യമൗഢ്യ–
സക്തമാനവബുദ്ധിയെ.''

''കാലിൽക്കൈയിലുമാമങ്ങൾ
ചുമക്കും ജഗദംബയെ
സർവനാശാന്തികത്തെത്തി–
ക്കേണുകൊണ്ടവൾ നിൽക്കവേ
രക്ഷിക്കുവാൻ ചെയ്തതെന്തീ
ത്രിവർഷായുർമഹോദയൻ?''

''കടിഞ്ഞാണിട്ടു നിർത്തീ ന-
ക്ഷത്രയുദ്ധാശ്വഹേഷിതം.[4]''

''പണ്ടു നമ്മൾ പറപ്പിച്ച
സമാധാനപ്പിറാവുകൾ
പാറുന്നുണ്ടോ വിണ്ണിലിന്നും
ദൂരദർശന, സഞ്ജയ?''

''അവതൻ പൂടയങ്ങിങ്ങു
കണ്ടെത്താറുണ്ടപൂർവമായ്
ആട്ടിൻകൂടിന്നരികിലോ, [5]
അരയാലിൻ ചുവട്ടിലോ.''

''ജീവിക്കുന്നുണ്ടിപ്പൊഴുമാ-
മൃദുവെൺമകളെന്നു നാം
ആശ്വസിക്കട്ടെയോ സർവ-
ജീവപ്രണയ, സഞ്ജയ?''

''ജീവിച്ചിരിക്കുന്നുണ്ടാവാ-
മിന്നാസ്സൗവർണ്ണരശ്മികൾ
പടിർധ [6]ഹൃദയം പോലു-
ള്ളേതോ യോഗാശ്രമങ്ങളിൽ.''

''ഉണ്ടാവുന്നതു തീ മാത്ര-
മരത്തോടരമേൽക്കുകിൽ
എന്നു ഗോർബച്ചേവുറക്കെ
പ്രഖ്യാപിച്ചു കഴിഞ്ഞുവോ?''

'അന്ധകാരങ്ങളിൽത്തപ്പു-
മസ്വസ്ഥസ്നേഹഭാരമേ,
മുളച്ച ദിവസം വൃക്ഷം
പൂത്തു കായ്ച്ചു പഴുക്കുമോ?''

''കാത്തിരിക്കും ലോകനാശ-
ക്കരയിൽബ്ഭൂമിയിന്നിമേൽ:
ഭാവിഗർഭങ്ങളിൽക്കാലു[7]
കുടയാമതിമാനുഷൻ!''

''തഴുകുന്നുണ്ടതിൻ മീതേ
സൂതികർമിണി ഭാരതം:
'വെള്ളരിക്ക [8] കണക്കുണ്ണീ,
ബന്ധമുക്തി വരിക്ക നീ.'

## പോറ്റമ്മ

രണ്ടു നായ്ക്കളിതാ, കിതയ്ക്കും നക്ര-

തുണ്ഡിമാരായ് കുരച്ചു വന്നെത്തുന്നു,
'ജീവനും കൊണ്ടു മുന്നിൽശ്ശരംപോലെ
പോവുമിപ്പൂച്ച ചാവു'മെന്നാധി മേ.

പൂച്ച പക്ഷേ വഴിക്കുള്ള മാവിന്മേൽ

പൂർണ്ണവേഗമൊഴുകിക്കയറുന്നു,
ചാരെയെത്തുംവരേക്കേകതാളത്തിൽ
ഘോരഘോരം കുരച്ചൊരാ ശ്വാക്കളോ,
മാവിലേക്കൊറ്റ നോട്ടം! തലകുനി–
ച്ചാവിപോയപോൽ മൗനം ഭജിക്കുന്നു!
രണ്ടു നായ്ക്കളും കണ്ണുകൊണ്ടെങ്കിലും
മിണ്ടിയില്ലൊരു വാക്കും പരസ്പരം!
'എന്തിനിക്കൃതം നിന്നിട്ടിവിടെ?'എ–
ന്നുന്തിനീക്കും വിവേകപ്പൊലിമയിൽ
ഒന്നു പോകുന്നു തെക്കോട്ടു; മറ്റേതോ,
വന്ന മാർഗത്തിലൂടേ വടക്കോട്ടും!

പൂശകനോ? പരതുന്നു മാവിന്റെ
പേശിതോറുമെൻ കണ്ണിലെക്കൗതുകം;
സ്ഥാവരത്തിന്റെ തോളിലാജ്ജംഗമം
കേവലസുപ്തി പൂണ്ടു കിടപ്പല്ലോ
രണ്ടു കണ്ണുമടഞ്ഞുകൊണ്ടെ,ത്രയോ
പണ്ടു തൊട്ടു തുടങ്ങിയ മാതിരി
'ഇമ്മരത്തിന്റെ യമ്മിഞ്ഞയുണ്ണുന്നൊ–
രമ്മിണിക്കുട്ടി ഞാ,'നെന്ന മാതിരി.

## ഭയം

നാലഞ്ചു നാളായല്ലോ പാതിരായ്ക്കാരോ വീട്ടിൻ
നാലുഭാഗത്തും ചൂളംവിളിച്ചു നടക്കുന്നു.
ആരവൻ? ''നിസ്സങ്കോചം വാതിലിൽ മുട്ടുന്നവൻ
ചോരനാവില്ലെ''ന്നാശ്വസിക്കുന്നു ഗൃഹനാഥൻ.
''സൂക്ഷിച്ചാൽ ദുഃഖിക്കേണ്ട'', ഗൃഹനാഥതൻ ചുണ്ടിൽ
സൂക്തി; മക്കളിൽശ്ശങ്ക,''ചെകുത്താനായിക്കൂടേ?''
കിളിവാതിലുകൂടിയടച്ചിട്ടായീ പിന്നെ–
ക്കളിവിട്ടെല്ലാവരും ചൊല്ലുന്നു സന്ധ്യാനാമം.
''വാതിലിൽ മുട്ടുന്നതു തെണ്ടിപ്പട്ടി''യെന്നൊരു
വാദമുണ്ടായീ; വേറെ വഴിക്കും പോയീ ശങ്ക:
വായുമണ്ഡലമാണീ പ്രഭവവർഷം, ചക്ര–
വാതമുണ്ടാവാം: ചൂണ്ടിക്കാട്ടുന്നു വിഷുഫലം!
ഇങ്ങനെ നിശീഥിനി കുടുംബാന്തരീക്ഷത്തിൽ
വിങ്ങവേ കേൾപ്പൂ പൂമുഖത്തുനിന്നത്രേ ചൂളം
ഒടുവിൽശ്ശങ്കാപേതം വിടരും ജനലിന്റെ
വിടവിൽക്കത്തും ടോർച്ചു വാസ്തവം കണ്ടെത്തുന്നു;
മഴയത്തുനിന്നോടിപ്പോന്നു തിണ്ണയിൽക്കണ്ണും–
മിഴിച്ചങ്ങനെ കുത്തിയിരിപ്പാണൊരു കൂമൻ!
ഇരതേടുവാൻ പോയ കൂട്ടുകാരിയെത്തേടി–
ക്കരയുന്നതോ ചൂളംവിളിയായ് ഭവിക്കുന്നു?
വിസ്മരിച്ചിതോ കൂമൻ മൂളക്കം? മനുഷ്യന്റെ
വിസ്മയം ഗതികിട്ടാപ്രേതമായലയുമ്പോൾ
പറഞ്ഞതാരാണാവോ: ''കൂമനെപ്പോലും പേടി–
ച്ചരളും മനുഷ്യന്റെ കഥയിപ്പൊഴും കഷ്ടം!''

# നാമയുഗം

നാനൂറാം പിറനാളിലാർഷകരുണാ–
സമ്പൂർത്തി വർഷിക്കുമീ–
യാനന്ദാശ്രുസരിത്തിൽ മുങ്ങിയൊഴുകാ–
ലെത്തും മഹാകാവ്യമോ,
''ഞാനല്ലുത്തരവാദിയിപ്പരിണതി–
ക്ക,ങ്ങേക'', നെന്നീ ഗുരു–
പ്രാണക്ഷേത്രനടയ്ക്കൽ വീണു മിഴിനീർ
ചിന്തുന്നു, പട്ടേരിയോ?

കാണ്മീലാ ചിലരൊന്നുമീക്കുതുകമെ–
ങ്കിൽക്കൂടിയെല്ലാവരും
കാണുന്നുണ്ടു സദാപി ഭട്ടകവിതാ–
സാരസ്വതാമഗ്നനായ്
കാണപ്പെട്ട ശുകന്നു തുല്യമിവിടെ–
'ക്കൃഷ്ണാഹരേ' മന്ത്രണ–
പ്രാണായാമയുഗം രചിച്ച തിരുനാ–
മാചാര്യർ[1] തൻ വൈഭവം.

മേയ്ക്കാടിൻ[2] ഗുരുപാദപൂജവഴിയായ്
നാരായണീയോന്മിഷൽ–
പ്രാക്കാലീന മഹർഷിഭാവനയിലെ
ത്തീർഥാംബു സേവിക്കയാൽ
നോക്കാകെസ്സദസൽപ്പരപ്രളയകാ–
ലത്തോള[3]മെത്തുന്നതി–
ന്നൂക്കേകുന്നവനായി മാറി ബദരീ–
നാഥം വരേക്കീശ്ശുകൻ.

ദേഹാഹങ്കൃതിമുക്തിദായക, ഹരേ,
ഭാവൽക്കജീവോന്മുഖ–
സ്നേഹത്തിൻ മധുരം തരുന്നിതടിയ–
ങ്ങൾക്കീ ക്ഷമാവല്ലഭൻ;[4]
മോഹിച്ചാരടിയങ്ങളേകഘനശ–
ബ്ദത്തിൽ: 'പ്പുരാപുണ്യനി–
ദ്ദേഹിക്കങ്ങലിവാർന്നരോഗപുരുഷാ–
യുഃ പൂർത്തി നൽകേണമേ.'

ഇല്ലാ പാൽതയിർവെണ്ണകട്ട ഗമയി–
ദ്ദേഹത്തിനെന്നാകിലെ–
ന്തില്ലാ സർപ്പഫണത്തിൽ നർത്തനമുതിർ–
ക്കാനുള്ള ഹുങ്കെങ്കിലും
ത്വല്ലോലാംഗുലി കുബ്ജതന്നുടലിലെ–
ക്കൂനെന്നപോലെ ക്ഷണാ–
ലല്ലോ ഞങ്ങടെ ദുഃഖവൈകൃതിയക–
റ്റീടുന്നതിക്കേവലൻ.

ഇദ്ദേഹം പറയും ഭവൽക്കഥകൾതൻ
തത്തന്മയത്വങ്ങളിൽ–
ച്ചിത്തം പാറിയുയർന്നുയർന്നു വിഹരി–
പ്പൂ സത്യലോകാവധി;[5]

പട്ടത്തിൻ ചരടെന്നപോലെ വിഷയ–
ത്തോടുള്ള ബന്ധം തദാ
പൊട്ടുമ്പോളൊരു ഞെട്ടൽ: ഞങ്ങളറിവൂ
സ്വാതന്ത്ര്യശബ്ദാഗമം.

ഇദ്ദേഹം തവകാഞ്ചനപ്രതിമയെ–
ത്താലത്തിൽ മൂർധാവിൽവെ–
ച്ചുത്തീർണ്ണൈഹികഭക്തിദുഗ്ധമഭിഷേ–
ചിക്കും മുഹൂർത്തങ്ങളിൽ[6]
നിർധൂതാമയപാർഷദപ്രഭൃതിതൻ
കണ്ഠസ്വരത്തിൽബ്ഭവാൻ
നൃത്തംവെയ്ക്കുകയല്ലി ചെയ്വു ഗുരുവാ–
യൂരപ്പ, ഹേ, നിസ്ത്രപം?

എത്തുന്നേനൊരരശ്ശതാബ്ദമകല–
ത്തന്നത്തെ മേശാന്തിതൻ
പത്തായപ്പുരയിൽജ്ജനൽപ്പടിയിലീ
ശ്രീമന്മുഖം കാണ്മൂ ഞാൻ;
സിദ്ധവ്യാകൃതിരൂപമാല[7] യുരുവി–
ട്ടും കൊണ്ടെണീറ്റാ യുവാ–
വിദ്ധപ്രേമമൊരോമനച്ചിരി ചിരി–
ച്ചെന്നെത്തലോടുന്നതും.

ഞാനാരാണൊരു ചുക്കുപോലുമറിവി–
ല്ലാത്തോനുഷഃപായസ–
ഘ്രാണോന്മത്തമനോമയത്തിലലയും
ഭിണ്ണയ്ക്കനാം പൂശകൻ;
നാണംകൊണ്ടരികത്തിരിപ്പതുമെടു–
ത്തുണ്ടില്ല ഞാനെന്നറി–
ഞ്ഞോനീ ജ്ഞാനി വിളമ്പിവയ്പു മതിയാ–
വോളം ഭവൽക്കാരുണി.

നാമം കൊണ്ടിഹലോകദുഃഖമഖിലം
ദൂരീകരിച്ചീടുവാ–
നാമെന്നീസ്സുവിനീതമാതൃകയിൽനി–
ന്നുൾക്കൊൾകയാലിപ്പൊഴോ,
വ്യോമാധസ്ഥചരാചരങ്ങൾ മുഴുവൻ
ഹർഷാശ്രുസോമാമൃതം
ഹോമിപ്പൂ പിതൃദത്തമീ ത്രികരണ–
ത്രേതാഗ്നികീലങ്ങളിൽ.[8]

നാമാചാര്യർ ധരിച്ച പീതപരിവേ–
ഷാലിപ്തനാരായണീ–
യാമോദേ[9] സുശാന്തമിപ്പരിസരം
വൈകുണ്ഠമായ്ക്കാൺകയാൽ
പ്രേമൈകപ്രതിമം പ്രദക്ഷിണമനു–
ഷ്ഠിക്കുന്ന പട്ടേരിതൻ
തൂമന്ദസ്മിതമേറ്റുണർന്നുലകിതാ,
പാടുന്നുമുണ്ടുൽശ്രുതം:

''ഈമുഗ്ധസ്മിതവെണ്ണിലാവലയിലെ–
ക്കൃഷ്ണാഹരേ'[10] പശ്ചിമ–
വ്യോമത്തിന്നു[11]ചുവട്ടിൽ മൃത്തി[12]ലൊരുല–
ക്ഷം ചന്ദ്രകാന്തങ്ങളിൽ
രോമന്ഥപ്രദരോമഹർഷണ'ഹരേ–
കൃഷ്ണാ'[13] മൃതാഹൂതിയാ–
യാമേളിപ്പളവിന്നു വാഴ്‌വിനു സുസ–
ഹ്യം താരയുദ്ധം[14] വരെ.''

# തെരുവിലെ മാവേലി

ശ്വസിപ്പാൻ സുശീതളപ്രാണവായുവില്ലാതെ
ത്രസിച്ചൂ വേനൽക്കാലനാഗരികത്വത്തട–
വറയിൽത്തളംകെട്ടിപ്പൊന്തിയ വേർപ്പിൽ താണു–
മരിച്ചൂ കൃമിപ്രായപൗരത്വാഭിമാനങ്ങൾ.
കൽപ്പനദിനക്കൂലി വർധിക്കാൻ കമ്പിക്കാലിൽ
ബൾബുകൾ കണ്ണും പൂട്ടിത്തൂങ്ങിനിന്നുറങ്ങട്ടെ
ഇരുട്ടിൽത്തപ്പിത്തടഞ്ഞൊരിറ്റു കുടിനീരാൽ
വരൾനാത്തുമ്പിൽ പ്രാണൻ തുളിക്കാൻ നീളും കൈയിൽ
പൈപ്പിൽനിന്നുറന്നതു നിത്യശീകാരം, പക്ഷേ,
വേർപ്പു പൊന്തുന്നൂ മൂക്കുപാലക്കീഴ്നിരപ്പോളം.
പോയേക്കാം കുഗ്രാമത്തിലെന്നല്ലീ ദുര? ബസ്സു
പായുകില്ലിപ്പോൾ ദേശസാൽക്കരണത്തിൽക്കൂടെ!
ചില്ലറ യാത്രക്കാർക്കു തിരികെ കൊടുക്കുവാ–
നില്ലാത്ത ലതർബാഗിനകത്തെ ദുഃഖങ്ങൾക്കും
കൽപ്പനദിനക്കൂലി കൈയ്ക്കില്ല; യാത്രക്കാരൻ
കാൽനടശ്ശീലം മറക്കുകയും പാടില്ലല്ലോ!
വിശപ്പീക്കവലയിൽ നിൽക്കാതൊരേത്തപ്പഴ–
മശിക്കാമത്താഴമായെന്നോർത്തു തിരിയുമ്പോൾ
തൊട്ടുമുന്നിലെപ്പഴക്കടയിൽ കേൾപ്പൂ ''കിലോ–
യ്ക്കഞ്ചുറുപ്പിക,യട്ടിമറിയിൽപ്പെട്ടൂ ലോറി.''
എവിടെപ്പോയീ കർമചന്ദ്രന്റെ മധ്യാഹ്നത്തി–
ലിവിടെ പ്രവഹിച്ച മനസ്സാക്ഷിതൻ രോഷം?
എവിടെപ്പോയീ ജയപ്രകാശപ്പൊലിമയി–
ലിവിടെപ്പനിപോലെപ്പടർന്ന ദേശീയൈക്യം?
എങ്ങനെ കൊണ്ടാടണമോണമെന്നല്ലാ ചോദ്യ–
മെങ്ങനെ രണ്ടറ്റവും കൂട്ടിമുട്ടിച്ചീടേണ്ടൂ?
നിസ്സഹായമിച്ചോദ്യം തെരുവിൽക്കണ്ടെത്തുന്ന
നിസ്സപ്ത്തമാം ബോർഡോ മാവേലി, നീയീയാണ്ടിൽ?

# ഒരു പൂണൂൽക്കാരന്റെ മനോരാജ്യം

''പൂണുനൂലിതഹങ്കാരമുദ്രയല്ലേ?'' ചോദിക്കുന്നു

പൂമുഖത്തു വന്നുകേറും സുഹൃത്തമനോ?
എന്തിനാണബ്ബന്ധനമെന്നെനിക്കറിയില്ല, പക്ഷേ,
എന്തോ സുഖക്കുറവുണ്ടിതില്ലാതിരുന്നാൽ.
ശീലിച്ചതു പാലിക്കുന്ന പാരതന്ത്ര്യമാവണമി–
ശ്ശീലായ്മയെന്നുള്ള വാദംതള്ളാവതല്ല;
യൗവനം തുളുമ്പിനിന്ന നാളിൽ ഞാനുമിതു നമു–
ക്കൊവ്വായെന്നു പൊട്ടിച്ചെറിഞ്ഞിരുന്നുവല്ലോ!
ഉള്ളിലെന്തോ സുഖക്കുറവനുഭവിച്ചിരുന്നിട്ടും
ഭള്ളെന്നതിൽനിന്നു മുഖം തിരിച്ചിരുന്നു.
കണ്ടറിയാൻ കഴിഞ്ഞില്ലന്നതിൽ, ത്രികാലാനുഭൂതി
ചെണ്ടണിഞ്ഞ സൃഷ്ടിസ്ഥിതിലയ പ്രപഞ്ചം.
ആ മധുരലഹരികൊണ്ടിഡയിൽ പിംഗളയില–
ന്നാരചിക്കാൻ കഴിഞ്ഞില്ല പ്രശാന്തിപൂരം.

ഊൗൗ

രണ്ടാമത്തെജ്ജനനമിസ്സർഗപ്രചോദനമെന്ന
കണ്ടറിവിൻ ശേഷമാണീ വ്യതിചലനം.
മായികമീയസ്തിത്വത്തിൻ സ്ഥായിയെന്തെന്നറിയാതെ
വായയും വയറുമായി നടന്ന ജന്തു
രണ്ടു കാലിലെഴുന്നേറ്റു വിയത്തിലെ സ്ഫാരതാര–
മണ്ഡലത്തിൻ കരുണയിലലിയുവോളം
വരച്ചില്ല, പാടിയില്ല, വാക്കിനല്ലിത്താമരയിൽ
സ്ഫുരിക്കുന്ന മധു മൊത്തിക്കുടിച്ചുമില്ല!
രണ്ടാമതും ജാതമായ മാനവാത്മാവിന്നുമാത്ര–
മുണ്ടായതീ ബ്രഹ്മാനന്ദസഹോദരത്വം.
അന്യരുടെ സന്നിധിയിൽ തോറ്റു തൊപ്പിയിടുമ്പോഴും
ഖിന്നതയിന്നറിയാത്തതതിൻ പ്രഭാവം.
ഏതോ നിരങ്കുശമായൊരിച്ഛയുടെ വികൃത്യനു–
ഭൂതി ഞാനെന്നാകിലെന്തിന്നെനിക്കു ദുഃഖം?

ഊൗൗ

ഇന്നു മെയ്യിൽ പൂണുനൂലുരഞ്ഞിടുമ്പോഴേക്കുമുള്ളിൽ
മിന്നിക്കളയുന്നു ഭൗമമുൺമയിൽശ്ശൂന്യം
അപ്പോഴേക്കും സ്പന്ദിക്കുന്നു നാവിലനാദ്യന്തനായ
ചിൽപ്പുമാന്റെ നാമധേയാമൃതനിഷ്യന്ദം.
സർവ ജീവാത്മാക്കളിലുമുണർന്നുകൊണ്ടമരുന്ന
ശർവ, ഭവൽക്കരുണയേ കരുണയാവൂ!
നിന്റെ നിരങ്കുശപ്രേമപ്രബുദ്ധനായ്ത്തീരുകയാൽ
നിന്നെക്കുറിച്ചുളവായീ ഭയവുമൽപ്പം;
തെറ്റു ചെയ്യാനധികാരമില്ല നിന്നോടെനിക്കെ,ന്റെ
ചുറ്റുമുള്ള ജീവന്മാരോടാരോടുംതന്നെ!

ഊൗൗ

''പൂണുനൂലിതഹങ്കാരമുദ്രയല്ലേ?''ചോദിക്കുന്നു
പൂമുഖത്തു വീണ്ടും പ്രേഷ്ഠസുഹൃത്തമനോ?
''ഭയപ്പെടുന്നതു ദൈവത്തിനെയാണെന്നിരിക്കിലും
ഭയമെന്ന വികാരം ദുർവികാരം തന്നെ.''
ആയിരിക്കാം; എന്നാൽ ദൈവഭയം നിലനിൽപ്പതോളം
അന്യങ്ങളെക്കുറിച്ചെനിക്കാശങ്ക വേണ്ട.
ജീവിച്ചിരിക്കുന്നു നാമീയന്യങ്ങൾതൻ നടുക്കല്ലേ?
ജീവിക്കലിൻ പൊരുളല്ലിൽ സുഷുപ്തിയല്ലേ?

# ഞാനും നീയും

മാനസേന്ദ്രിയഗോചര, ഹേ, വന–
മാല ചാർത്തിയ ഗോവിന്ദ,
ലുബ്ധമെന്റെ മനസ്സിനു കാഞ്ചന–
ലബ്ധി നീയെന്നറിവേൻ ഞാൻ.
അമ്പിളിമാമനു നേരെച്ചാടിയ
ശൈശവകുതുകത്തിൽ
കാമുകിയുടെ കടമിഴിയേറ്റുരുകിയ
കൗമാരാന്ത്യത്തിൽ
വെള്ളിനാണ്യം വെകിളി വളർത്തിയ
യൗവന കാലത്തും
എന്നിലുറങ്ങിടുമെന്നെ യമിച്ചവ–
നാർ നീയല്ലാതെ?
അനേകശാസ്ത്രഗ്രന്ഥങ്ങളിൽ ഞാ–
നലഞ്ഞ നാളുകളിൽ
സാഹിത്യദ്രുതി ചിന്താമധുരി
തേടിയ വേളകളിൽ
തൊട്ടതു മുഴുവൻ പൊട്ടിത്തകരും
കണ്ണീർക്കടൽ വക്കിൽ
പുരാണപരിചിതകംസാന്തർഗത–
ഭയം നുണച്ചപ്പോൾ
യുക്തി വളർന്നിട്ടെല്ലാം മിഥ്യയി–
ലവസാനിച്ചപ്പോൾ
എന്നിലുറങ്ങിടുമെന്നെത്തട്ടിവി–
ളിച്ചതു നീയല്ലി?
സ്വർഗകാമനയുടെ മീമാംസാ–
രതി വികസിക്കുമ്പോൾ,
ഹിമവദ്ഗിരിപത്മാസനി പുഷ്പവി–
മാനമിറക്കുമ്പോൾ,
ഞാനോർത്തില്ലതിൽ നീയാണെന്ന യ–
ഥാർത്ഥം ചങ്ങാതീ!
വേടൻ വേണുവിലൂടെ മുതിർക്കും
ജ്ഞാനം നീമാത്രം!
പുരികക്കൊടിയുടെ ചലനത്താൽ നീ
വിരചിപ്പൂ ലോകം!
പുല്ലിൽപ്പുഴുവിൽപ്പുരുഷനിലും നീ
യൊളിച്ചു: ഞാൻ കണ്ടൂ.
എന്റെ ശരീരരഥത്തിലുമങ്ങേ
ചരിപ്പു: ഞാൻ കണ്ടൂ.
ജ്ഞാനേന്ദ്രിയമാകുന്ന കടിഞ്ഞാൺ
വലിച്ചു നീ വാഴ്വൂ.
അഖിലാത്മാവും ഗാണ്ഡീവത്തിൽ–
ത്തൊടുത്ത കണയാം നീ;
കാമക്രോധാദികളുടെ നെഞ്ചിൽ–
ത്തറച്ച കണയും നീ;
പീലിക്കൺകൾ ഭവാന്റെ ശിരസ്സിൽ
ചലിപ്പതെൻ പുളകം;
നീലാളകമവിടുത്തെ വിയർപ്പിൽ

കുതിരുവതെൻ പ്രളയം.

മാനസേന്ദ്രിയഗോചര, ഹേ, വന–
മാല ചാർത്തിയ ഗോവിന്ദ,
ലുബ്ധമെന്റെ മനസ്സിനു കാഞ്ചന–
ലബ്ധി നീയെന്നറിവേൻ ഞാൻ.

## പത്രവായന നിർത്തണോ?

വറ്റാത്ത വേർപ്പിൻ മണം മറപ്പിക്കുന്ന
മുറ്റത്തിൻ മുല്ലപ്പൂവുത്സവത്തിൽ
ഇന്നലെപ്പെയ്തൂ പുതുമഴ; സന്ധ്യയ്ക്കു
മിന്നിയ ബൾബിൻ ചുവട്ടിലിപ്പോൾ
ചിന്നിക്കിടക്കുന്നു പാറ്റച്ചിറകുക–
ളൊന്നുരണ്ടല്ല, പരസ്സഹസ്രം.
അപ്പൊഴേക്കെന്നാത്മവത്തയിൽ സ്പന്ദിപ്പൂ
ശബ്ദപ്രപഞ്ചം മുഴുവനെന്നോ?
ആവില്ലിക്കൊള്ളിമീൻചാട്ടങ്ങളപ്പടി
നാവിന്റെ തുമ്പാൽ പിടിച്ചെടുക്കാൻ!
നാവിനാലാവാത്തതെമ്മട്ടിജ്ജീർണ്ണിച്ച
തൂവൽത്തലപ്പു കുറിച്ചെടുക്കും?
പെട്ടെന്നു സൈക്കിളിൽ ബെല്ലടി; കോലായി–
ലിട്ടും കഴിഞ്ഞു, പ്രഭാതപത്രം!

ൗൗൗ

ഉദയപ്രഭയെപ്പോലെ
വന്ന ഹേ, ദിനപത്രമേ,
കറുത്ത മത്തങ്ങകളാ–
ലിന്നും ഞെട്ടിപ്പിതെന്നെ നീ.
''അടുത്തമാസം മുതലീ–
പ്പത്രവായന നിർത്തിയാൽ
കുഴപ്പമെന്തെ'' ന്നെന്നോടു
ചോദിച്ചതു പൊറുക്ക നീ.
ഇന്നലെബ്ഭൂമിയിൽക്കൊല്ല–
പ്പെട്ട മാനവർതൻ തുക
വായിച്ചറിയുവാൻ നിത്യ–
മോരോ രൂപ മുടിപ്പൂ ഞാൻ.
ഉണ്ണാനുടുക്കാൻ മഴകൊ–
ള്ളാതെ രാവിലുറങ്ങുവാൻ
എല്ലാ മനുഷ്യർക്കുമുണ്ടാ–
വണം സൗകര്യമൂഴിയിൽ.
ഒരു കക്ഷിക്കുമിന്നില്ല
ഭിന്നാഭിപ്രായമെങ്കിലും
കഴിയുന്നില്ല പുണരാ–
നൊരുത്തനുമൊരുത്തനെ
എല്ലാവരും വിചാരിപ്പ–
തൊന്നാണി,പ്പാർ ഭരിക്കുവാൻ
ഞാനായാലേ നേരെയാവൂ
മറ്റാർക്കുണ്ടിത്ര വൈഭവം?

എന്നെക്കാൾസ്സൂക്ഷ്മദൃക്കായി–
ട്ടെന്നെക്കാൾ ദൃഢചിത്തനായ്
എന്നെക്കൾ സത്യവാനായു–
മാരുണ്ടിന്നിദ്ധരിത്രിയിൽ?
മനസ്സിലാക്കുന്നില്ലെന്റെ
കക്ഷിപോലും യഥാവിധി
എന്റെ യോഗ്യത; എന്നിട്ടു
വേണ്ടേ വോട്ടവകാശികൾ?

ഊഊഊ

ഇതു പറ്റില്ല; ഞാനല്ലാ–
ത്തവരാരു ഭരിക്കിലും
അവർതൻ കാലുവാരും ഞാ–
നവരെത്താഴെ വീഴ്ത്തിടും!
കല്ലെറിഞ്ഞു മുടക്കും ഞാ–
നെല്ലാ വാഹനയാത്രയും;
കുത്തിത്തുരക്കും കച്ചേരി,
കച്ചോടസ്ഥലമൊക്കെയും,
പാലം പൊളിക്കും, മുറിക്കും
കമ്പികാലു പുഴക്കിടും;
എറിഞ്ഞുടയ്ക്കും വഴിയിൽ–
ത്തൂങ്ങും ബൾബുകളത്രയും.
മൈക്കിലൂടെത്തെറിപ്പാട്ടു
പാടിജ്ജീപ്പിൽക്കറങ്ങി ഞാൻ
കാഷ്ഠമില്ലാത്ത കാതൊക്കെ–
പ്പൊട്ടിക്കുമിനി, നിശ്ചയം!
ഇരുട്ടായാലാരെയും ഞാൻ
വെടിവെച്ചു തമർത്തണം,
തോക്കിലെത്തിര തീർന്നെങ്കിൽ
വെട്ടിവീഴ്ത്തണമാരെയും.
വാളില്ലെങ്കിൽക്കത്തിയില്ലേ;
നാടൻബോമ്പല്ലി കൈവശം?
കാണും ലോകം: ഞാൻ പിടിച്ച
മുയലിൻ മൂന്നു കൊമ്പുകൾ!
എന്നെബ്ഭരിക്കുവാൻ സമ്മ–
തിക്കുന്നവരെയെപ്പൊഴും
വാഴ്ത്തണം; മറ്റുള്ളവരെ–
ശ്ശകാരിച്ചുമശക്കണം.
ഇതാണിപ്പോൾ സോഷ്യലിസ–
മിതാണിപ്പോൾ ഡമോക്രസി
ഇതാണിപ്പോൾ ഭൂരിപക്ഷ–
ഭൂരിസൗഖ്യമതേതരം!

''അടുത്ത മാസം മുതലി–
പ്പത്രവായന നിർത്തിയാൽ
കുഴപ്പമെന്തെ''ന്നുറക്കെ–
ച്ചിന്തിച്ചും കൊണ്ടിരിപ്പൂ ഞാൻ.
ഒരുറുപ്പികയെക്കാളും
ലാഭം കിട്ടുകയില്ലയോ;
ഒരായിരം നല്ലതുകൾ
ചെയ്യാൻ പറ്റുകയില്ലയോ?

മനസ്സിലുള്ള ഭഗവൽ–
പ്പാദങ്ങളവിരാമമായ്
ധ്യാനിച്ചുകൊണ്ടാത്മശാന്തി
വരിക്കാൻ പറ്റിയെങ്കിലോ?
തൊണ്ണൂറ്റിയെട്ടു ശതമാ–
നത്തെബ്ബാധിക്കുമർബുദം[1]
മനോജന്യങ്ങളെന്നല്ലീ
തെളിയിച്ചു ഗവേഷകൻ?
അപ്പൊഴേക്കാണിന്നു വന്ന
പത്രത്തിൽ കാണ്മതിങ്ങനെ:
''പ്രധാനം സത്യമെന്നോതീ[2]
ഗോർബച്ചേവൃഷ്യ[3]ഭൂമിയിൽ''.
''സത്യചൈതന്യമല്ലോ സൗ–
ന്ദര്യം,'' പണ്ടോതി മാമുനി,
''സത്യത്തിൻ രൂപമേ ധർമം,
കാരുണ്യം സത്യചേഷ്ടയും''
ശരി, പക്ഷേ കേട്ടതാരി–
ങ്ങൃഷ്യഭൂവിൻ വിളംബരം?
പെട്ടെന്നുയിർകൊണ്ട ചങ്ങ–
മ്പുഴ മൂളുന്നു ഹൃത്തിൽ മേ.

''ഹാ, വിദൂരധ്രുവയുഗം മുല്ല–
പ്പൂവിതളിന്റെ വക്കുകൾ മാത്രം!''

# പനിനീർപ്പൂവിന്റെ നെഹ്റു

സത്യസമത്വസ്വാതന്ത്ര്യധ്വനി

തത്തിയ നാവിൻതുമ്പിൽ
ശൂലം കുത്തിയിറക്കിയ ബഹുജന–
ശൂലയിലൂടെ വിഭാതം[1]
ഇന്നറിയിപ്പൂ: ''പണ്ഡിത്ജിക്കും
വന്നൂ ജന്മശതാബ്ദി.''

കടന്നുപോയീ കാൽ നൂറ്റാണ്ടൊരു
ചുടുകണ്ണീരിൽക്കൂടെ
വിളങ്ങി ഹൃദയ,മുടഞ്ഞ കുടംപോൽ
വികസ്വരാകാശത്തിൽ.
ചോരമിടിക്കും വദനശ്രീയാൽ
പൂരിതഹർഷം ലോകം.
കുപ്പായത്തിൽ കുത്തിയ പനിനീ–
രൊപ്പം കരളിലുദിക്കേ
മന്ദമെണീറ്റടിവെച്ചണയുന്നേ–
നങ്കണ സീമയിലേക്കോ?

ഉണ്ടൊരു പുതുപൂവെൻ പനിനീരിൽ ന–
വോന്മേഷത്തെപ്പോലെ!
പൂവിനെ മുത്തിപ്പറവൂ ബാഷ്പം:
''പുഷ്കലമേ നിൻ ജന്മം!
ഇന്നും നിഭൃതം പനിനീർപ്പൂവേ,

നിന്നാകർഷണശക്തി.
കാൽനൂറ്റാണ്ടിനു മുമ്പെക്കണ്ട മ–
നുഷ്യമുഖശ്രീപ്രളയം.
നാടിനെ മുഴുവനുണർത്തിയ നിർഘൃണ–
നാഭീനാളപ്രണയം
ഇന്നെൻ കരളിലെ മാധുരിമാത്രം;
നിന്നാകർഷണമാട്ടേ,
ഇന്നും മിഴികളിൽ വീർപ്പുകളിൽ ഭൗ–
മാനന്ദാമൃതപുണ്യം!''

സുമനസ്സിൻ സുഷമാപരിലാളിത–
സുരഭിലമായ മുഹൂർത്തം
എന്നൊടു ചൊല്ലീ: ''വേരോടിച്ചേൻ
സ്വാതന്ത്ര്യത്തിൻ മണ്ണിൽ!
ഈ മണ്ണിൽ പുലരുന്നൂ ജനിമൃതി
ബാധിക്കാത്ത വസന്തം;
''ഇന്ത്യയിലെന്നല്ലെവിടെയുമാട്ടേ[2]
ശാന്തിലഭിക്കണമെങ്കിൽ
വേരോടിക്കുക'', നെഹ്റു പറഞ്ഞൂ,
''സ്വാതന്ത്ര്യത്തിൻ മണ്ണിൽ.''

## ഇദം ന മമ*

പ്രാണവായു നമുക്കേകും കാട്ടുവൃക്ഷങ്ങളത്രയും
കോടാലിക്കൊത്തിൽ വീണശ്രുക്കറപോലുമുണങ്ങവേ,

അട്ടപ്പാടി പ്രദേശങ്ങൾ ഫുട്ബോൾഗ്രൗണ്ടായ ശേഷവും
വന്നെത്തുന്നു തെക്കുപടിഞ്ഞാറൻ കാറ്റിന്റെ തേരൊലി.

തേരിനുള്ളിലിരിക്കുന്നു മഴ പെയ്യിക്കുമിന്ദ്രനോ,
ഉവർ മണ്ണിൽപ്പുഷ്പഫലവിത്തിറക്കും വസന്തനോ?

പെയ്യാൻ മോഹിച്ചു മാനത്തുണ്ടലഞ്ഞീടുന്നു കാറുകൾ
അകിട്ടിൽപ്പാൽ കനക്കുന്ന കറമ്പിപ്പൈക്കൾ മാതിരി.

ദാഹം പൊറാഞ്ഞുറ്റു നോക്കീ പശുക്കുട്ടികളെന്നപോൽ
ഇതികർത്തവ്യതാമൂഢം പുല്ലും പുരുഷവീര്യവും.

മരം നൽകും പ്രാണവായുമണ്ഡലം ശുഷ്കമാകയാൽ
മുകിലാളല്ലപോൽ, ജീവാമൃതമായ്ത്താഴെ വീഴുവാൻ.

രജതാമ്ലം[1] മുകിൽകളിൽത്തളിച്ചാൽത്താഴെ വീണിടാം
രണ്ടോ നാലോ മഴത്തുള്ളി: ഊഹിപ്പൂ നവശാസ്ത്രികൾ.

യാഗശാലകളുണ്ടാക്കാനാരുമില്ലെന്നിരിക്കിലും
മറന്ന മന്ത്രങ്ങൾ വീണ്ടും ചൊല്ലിനോക്കുന്നു യാജികൾ.

മറക്കാതെയിരിക്കട്ടേ മന്ത്രതന്ത്രങ്ങളാജ്ജനം:
സ്റ്റാളി[2]ന്റെ പുറകേ റഷ്യൻ സത്യാമ്പേഷി വരും വരെ.

മനുഷ്യൻ ഞാൻ പ്രകൃതിയെജ്ജയിക്കുന്നില്ലൊരിക്കലും;
പൂരിപ്പിക്കുന്നതേയുള്ളൂ കരുണാമയിതൻ വരം.

# കട്ടോടഞ്ചാത്തൻ*

കാടു പോയതുകൊണ്ടു പേരമ്പർഥമായ്ത്തീർന്ന
നാടുകാണിയും താണ്ടിക്കാറുകളലയവേ
കട്ടോടഞ്ചാത്തനൊപ്പം മാനവചിത്തം മഴ–
ക്കാറിന്നു കീഴെക്കൂടി മലർന്നു പറക്കുമ്പോൾ
ഓമനമകന്നച്ഛൻ വിയർപ്പു മണക്കുന്ന
രോമന്ഥം മൊഴികളിൽ പകർന്നു കൊടുക്കുന്നു,
''പണ്ടു കാറുകളനുസ്യൂതമായ് വർഷിച്ചിടാ–
റുണ്ട,പ്പോൾ പരകോടി വെള്ളിക്കമ്പികളാലേ
അന്യോന്യം പുൽകിട്ടിനരാത്രങ്ങളറിയാതെ–
നിന്നുപോമനങ്ങാതെബ്ഭൂമിയുമാകാശവും!
രോമങ്ങളാകെക്കോരിത്തരിച്ച ജീവാത്മാക്ക–
ളാമോദസമുദ്രത്തിലാണ്ടുപോകയും ചെയ്യും!
കടലും പുഴകളും പാടവുമൊന്നായ്പ്പടി–
കടന്നു വരുന്നതുകണ്ടു പേടിക്കും നമ്മൾ!''

കണ്ണടച്ചില്ലാ കടുംചൂടിലന്നുണ്ണിക്കുട്ടൻ
പിന്നത്തെ പ്രഭാതത്തിൽ പല്ലുതേപ്പിനു മുമ്പേ
കളിത്തോഴനൊടോടിച്ചെന്നു ചോദിച്ചു പക്ഷേ,
''കളവു പറയുമോ നിന്റെ വീട്ടിലുമച്ഛൻ?''

# അഷ്ടാക്ഷരി

എട്ടുകാലിയിൽ കാണ്മു ഞാനെന്നെയോ?
അഷ്ടദിക്പാലകന്മാർ ചുമക്കുമീ
വിഷ്ടപത്തിലെ സർവചരാചര–
സൃഷ്ടിഭേദങ്ങളും പ്രതിബിംബിക്കു–
മെന്റെ ഞാനെന്ന ഭാവഹാലാഹല–
ത്തിന്റെ കേന്ദ്രമാം ഹൃത്തിൽച്ചുമക്കുമീ
ശ്വേതവസ്ത്രഭാണ്ഡത്തെയോ? അല്ല,തിൽ
സ്ഫീതമായ്ത്തീരും ബ്രഹ്മഗോളത്തെയോ?
നൂറ്റെടുക്കുന്നു ഞാനാ സ്മൃതികളാൽ
നൂറു വെള്ളിവലകളെ നെയ്യുന്നു.
കാറ്റടിച്ചാ വലകൾ തകരുമ്പോ–
ളാറ്റിലെപ്പോള ഞാനെന്നറിയുന്നു.
ഒന്നുപോലെ മറ്റൊന്നില്ല,വയിലെ
ഭിന്നതകളെ കണ്ടു ഞാൻ ഞെട്ടുന്നു.

''എട്ടുകാലിയും ഞാനുമഭിന്നരോ?'
ഞെട്ടിനിൽക്കുമഹന്ത ചോദിക്കിലും
എട്ടുകാലിക്കറിയുന്ന മാതിരി
തിട്ടമല്ലെന്റെ കൈവിരുതിപ്പോഴും!
കാരണമെന്തീ കൈവിറയ്ക്കെന്നുള്ള
നീറലിൻ പുക പൊങ്ങിപ്പരക്കവേ
എന്റെ രൂപമന്യർക്കെന്നപോലെനി–

ക്കെന്നെഹന്തയുമസ്പഷ്ടമാകവേ,
എന്നൊടൊപ്പം വിഷവും വിഗതമാ–
യെന്നു ശാന്തിമന്ദാനിലൻ വീശവേ,
മാത്രതോറുമെൻ മാറിൽ വെളുവെളെ
വാർധകഭാണ്ഡഭാരം വളർന്നാലും
എട്ടുകാലി, ഞാനാശിപ്പൂ: ഭാവിയിൽ
കിട്ടിയേക്കാം വിഷമുക്തി താങ്കൾക്കും!
വായിൽനിന്നുടൻ 'ഓം നമോ നാരായ–
ണായ' വായുവിൽ വീണു ലയിക്കുന്നു!

# പന്തിരുകുലക്കാർ

ഞങ്ങളെ വെളിച്ചംകൊണ്ടഭിഷേചനം ചെയ്യാൻ
നിങ്ങളാണവവിദ്യുൽകാരുണ്യം പൊഴിക്കായ്‌വിൻ!
മണ്ണെണ്ണവിളക്കത്തോ കൊട്ടെണ്ണവിളക്കത്തോ
മങ്ങലിൽ വെപ്പും തീനും നിർവഹിച്ചോളാം ഞങ്ങൾ.
അങ്ങനെയൊക്കെക്കഴിഞ്ഞവരല്ലയോ നമ്മൾ
ആവലാതിയുമാലശീലയുമെന്യേ പണ്ടും ?
അണുസ്ഫോടനവിസർജ്ജനമാം മൃതിതൻ ദുർ–
മണമേൽക്കാതെപ്പേരക്കുഞ്ഞുങ്ങൾ വളരുവാൻ
ആശയുണ്ട,വരുടെ സുസ്ഥിതിക്കുയിരും കൈ–
മോശപ്പെട്ടുകൊള്ളട്ടെയെന്നു പ്രാർത്ഥിപ്പൂ ഞങ്ങൾ
''ഭാവിയർബുദം കൊണ്ടു പിടഞ്ഞാലും വേണ്ടില്ല
ടീവി കാണണം ഞങ്ങൾക്കെ''ന്നു ഗർജിക്കാൻ മാത്രം
അന്ധരും ക്രൂരന്മാരുമല്ലിന്നും വരരുചി–
പ്പന്തിരുകുലക്കാരെന്നറിവിൻ മാന്യന്മാരേ!

# നവനീതം

''ഓണം കേരളമൃൺമയസ്മൃതികൾതൻ
കണ്ണാന്തളിപ്പൂക്കളെ–
ന്നോണം വന്നു വിളിച്ചു കണ്ണുമിഴിയും
മുക്കുറ്റിതൻ തോളിലോ
നാണം വിട്ടു ചിരിച്ച തുമ്പയുടെ ചു–
ണ്ടത്തോ കളിക്കുന്നതെൻ
പ്രാണൻ, കൊച്ചുനിലപ്പനക്കവിൾ നിറം–
കാച്ചുന്ന വാൾത്തുമ്പിലോ?''

ചോദിക്കുന്നു പുരാതനാസുരബലി–
ശ്രേഷ്ഠൻ, യഥാവത്സരം
മോദത്തിൻ ചിറകിൽസ്സമാഗത,നശേ–
ഷസ്നേഹസംവാഹകൻ,
വേദത്തിൻ തിരുവത്സരങ്ങൾ മുതലി–
ങ്ങെത്തുമ്പൊഴെല്ലായ്‌പൊഴും
ചോദിച്ചീടിന ചോദ്യ,മിന്നുമൊരനാ–

ഘ്രാതോന്മിഷത്സൗരഭം!

''ആളെച്ചങ്ങലയിൽക്കുടുക്കിയൊടുവിൽ–
ക്കോട്ടയ്ക്കകത്താക്കിയെ–
ന്നാലും[1] പൂച്ചകണക്കു മണ്ണിൽ നിപതി–
ച്ചീടും ഭവൽക്കാലമോ,
ആലോചിപ്പതുപോലുമില്ല ബലിത–
ന്നന്തർഗതത്തെ–ത്തണൽ–
ച്ചോലച്ചോട്ടിലഹോ ചതുഷ്ടയമനു–
ഷ്ഠിക്കും തൃണപ്രായരെ.[2]
കോട്ടയ്ക്കായ്ച്ചെലവാക്കിടുന്ന ധനമേ,
ദാരിദ്ര്യരേഖയ്ക്കു കീ–
ഴോട്ടെന്നാണൊഴുകാൻ നിനക്കു വിധി? ആ–
സ്സൗവർണ്ണസൂര്യോദയം
നാട്ടേക്കുള്ളിലിരച്ചു തുള്ളി വളരും
ചട്ടമ്പിമൗഢ്യങ്ങളിൽ–
ത്തേട്ടും യാചനവൈകൃതപ്രതിഭയെ–
ത്തൂത്തെങ്കിലെന്നാശ മേ!''

ഇതൊക്കെക്കേട്ടിട്ടും ചെറുചിരി ചിരി–
ക്കുന്ന ഭഗവാൻ
നിതാന്തം ശോഭിക്കും ഗുരുപവനഗേ–
ഹത്തിലുടടേ
സതോഷം വന്നെത്തീ നവസുരഭിപീ–
തപ്രഭചൊരി–
ഞ്ഞിതാ, ഭക്തോത്തംസച്ചുമലിലൊരു കാ–
ഴ്ചക്കുലയുടൻ!

ചിരിക്കും കണ്ണൻതൻ കരളിൽ വിളയാ–
ടുന്നു ജനമാ–
ചരിക്കും ഭക്ത്യാവിഷ്ടതയുടെ മിടി–
ക്കും ഹൃദയമായ്
ഒരത്യാനന്ദം, തൽച്ചോടികളുടനെ–
ത്താൻ വിടരവേ
സ്ഫുരിപ്പൂ നിർവാണപ്രദമൊരു സജീ–
വസ്മൃതികണം;

കണ്ണാന്തളിപ്പൂവിതളിൽ,പ്പഴുത്ത
നേന്ത്രപ്പഴത്തിൻ തൊലിയിൽത്തുടിപ്പൂ
അരയ്ക്കു പണ്ടമ്മ യശോദ തന്ന
പീതാംബരത്തിന്റെ സുവർണ്ണപുണ്യം.
ഈ മഞ്ഞയിൽബ്ഭൂമിയിലുള്ള സർവ–
ദുഃഖങ്ങളും മാഞ്ഞകലും ശതാബ്ദം
അടുത്തടുത്തെത്തുവതല്ലി കാണ്മൂ
മഹാബലിൻ, ഞാനനുമാത്രമിപ്പോൾ?
ഇല്ലാതെയാക്കും ഭുവനത്തിലുള്ള
വൈരൂപ്യമൊട്ടുക്കവിദൂര ഭാവി:
സംഘർഷബോധങ്ങളകന്നു മായും,
കടഞ്ഞെടുക്കപ്പെടുമൈകമത്യം!

## ഡോലി

ജന്മിത്വം പോയീ; തറവാടു ഭാഗിച്ചൂ; പണ്ടു

വന്മലപോലേ ഗ്രാമഹരിതാഭയിൽ പൊന്തി–
നിന്നൊരെട്ടുകെട്ടിപ്പോൾ ചരിത്രം; കുന്നിൻപള്ള–
യ്ക്കിന്നൊരു ശീമക്കുമ്മായപ്പുര മാത്രം റോഡിൻ
ചെന്നിയിൽ; ഗൃഹനാഥൻ നാഥയും രണ്ടേ രണ്ടു
പൊന്നാരങ്ങളും വന്നു രാവുറങ്ങുന്നൂ വീട്ടിൽ.
പരമാവധിയഞ്ചാറാൾക്കതിന്നകം നിന്നു
തിരിയാം, നിറവേറ്റാം സശ്രദ്ധചതുഷ്ടയം.

ൟൟൟ

വരവും പോക്കും ബൈക്കിൽ കാറിലും; എന്നാലും താഴ്–
വരയിൽത്തൂങ്ങി സ്ഥലംമുടക്കീ ഭൂതം പോലെ
ഡോലി; വിറ്റൊഴിക്കാത്തതെന്തുകൊണ്ടാണീ വയ്യാ–
വേലിയെന്നാരായുമ്പോൾ വീട്ടിൽ നീളുന്നൂ മൗനം:
''മൃത്യുവക്ത്രത്തിങ്കൽനിന്നാശുപത്രിയിലെത്താ–
നൊത്തേക്കാം ബന്തുള്ളപ്പോളിതു വീട്ടിലുണ്ടെങ്കിൽ.''

## ഹരിശ്രീ

അരിയിലാണച്ഛനാദ്യവിദ്യാരംഭപ്രഭാതത്തിൽ

'ഹരിശ്രീ'യെന്നെഴുതിച്ചതനുസ്മരിപ്പേൻ.
''അറിവുണ്ടാവണം മകന്നെ''ന്നു മാത്രമാണദ്ദേഹം
കരുതിയതെങ്കി,ലതു മണലിൽപ്പോരേ?

മണലിൽക്കൈവിരലുരച്ചമ്പത്തിയൊന്നക്ഷരവും
മനസ്സിലെക്കരിങ്കല്ലിൽ കൊത്തിവെച്ചേൻ ഞാൻ
അനന്തരദിനങ്ങളിലവിശ്രമം; ശരി; പക്ഷേ,
അരിയിലായതെന്തിന്നെൻ 'ഹരിശ്രീ' യാദ്യം?

ആയിടയ്ക്കു പൂമുഖത്തു വന്ന യാചകന്നു ചെറു–
നാഴികൊണ്ടളന്നേനുരിയരി ഞാൻ; എന്നാൽ
അരിയുടെ പേരാത്തമിഴ്നാട്ടുകാരനുച്ചരിച്ച–
'തരിശി'യെന്നായതെന്റെ വിസ്മയമായി.
അറുപതു കൊല്ലംകൊണ്ടാ വിസ്മയത്തിൽ ജനിക്കയാ–
ണറിവു,ടൻ 'ഹരിശ്രീ' താ'നരിശി'യായി;
'അരിശി'താ'നരി'യായി; 'അരി' പകർ'ന്നറിവാ'യി
'ഹരിശ്രീ'യെത്തേടലായീ മനുഷ്യജന്മം.

പിറവിനാൾ തൊട്ടു നമ്മെ 'ഹരിച്ചു'[1] പോന്നിടും 'ശ്രീ'[2]യെ
അരി[3]യൊടുങ്ങുമ്പോൾ ശരിക്കറിവു നമ്മൾ.

## വിശിഷ്ടാതിഥി

ആദ്യറിപ്പബ്ലിക് ദിനത്തിൽ വിശിഷ്ടാതിഥ്യഭൂഷണൻ

എതോ സമ്മേളനപ്പന്തൽപ്പടിക്കൽ കാറിറങ്ങി ഞാൻ.
ഒരായിരം കൂപ്പുകൈകൾ വിടർത്തും സ്നേഹസൗരഭം
അഭൗമാനന്ദകോശത്തിലശ്രുക്കൾ പൊടിയിക്കവേ,
പാരമ്പര്യത്തിന്റെ നൂറു ഹിമവൽഗഹ്വരങ്ങളിൽ
'സംഗച്ഛധ്വം സംവദധ്വം'[1] മുഖരീകൃതമാകവേ,
തൂവാല കൺ തുടച്ചപ്പോൾ മനസ്സിൽ ഗുരുവിൻ മൊഴി,
''കവി ദുർബലനാണെന്നു കണ്ടെത്തിക്കളയും ജനം.''

ഉത്തരം: ''സ്വന്ത ദൗർബല്യബോധമല്ലീ ബലം ഗുരോ?''
അദൃശ്യഗുരുവിൻ പൊട്ടിച്ചിരിയേറ്റെന്റെ ചുണ്ടിലും
പ്രസന്നത പരക്കുമ്പോൾ നീങ്ങീ മുമ്പോട്ടു കാലടി.
പറയേണ്ടിയിരുന്നു ഞാൻ: ''ഗുരോ, നീ മാത്രമെൻബലം''
എന്നല്ലീ? കരളിൽബ്ഭൂതകാലം പശ്ചാത്തപിച്ചുവോ?
അല്ല, നൂതനദേശീയഗാനത്തിൽത്താണലിഞ്ഞു ഞാൻ!
താലം കൊളുത്തിയും രണ്ടു വരിയായും നതാംഗിമാർ
നിരന്നുനിന്നുകൊണ്ടെന്നെ സ്വീകരിക്കേപ്പരിഭ്രമം:
''ഇതിനെന്തർഥം? ഇസ്സൗമ്യജീവാത്മാക്കളിൽനിന്നു ഞാൻ
വിശിഷ്ടനായതെമ്മട്ടിൽ?'' എന്നു ചൂളിപ്പിടിക്കയോ ?
കണ്ടിട്ടില്ലാ രാഷ്ടപിതാവിനെ ഞാനെന്നിരിക്കിലും
നെഹ്റുവെക്കണ്ടു, ലോക്കപ്പിൽപാർത്തൂ പന്ത്രണ്ടു ഹോരകൾ,[2]
എന്നാലതൊന്നുമോർത്തല്ലീയൗപചാരികവന്ദികൾ
ആചരിക്കുന്നതീബ്ബിംബാരാധനാകുതുകോത്സവം.
കുലവാഴകളാൽച്ചെന്തെങ്ങിളന്നീർക്കുടരാജിയാൽ
ഈന്തോലപ്പച്ചയാൽ, ഭിന്നവർണ്ണപ്പൂവനമാലയാൽ
അലംകൃതമഹാസമ്മേളനസീമന്തരേഖയിൽ
പാറിക്കളിപ്പൂ ത്രിവർണ്ണപതാകയിൽ നവാശുഗൻ.
ഖാദികൊണ്ടു വിതാനിച്ച മണ്ഡപത്തിലിരുന്ന ഞാൻ
കുഞ്ഞുങ്ങൾതൻ മുഷ്ടികളിൽക്കണ്ടു ദൂരെബ്ബലൂണുകൾ.
ഓർത്തേൻ: ദൈവത്തിൻ നഖത്താൽപ്പൊട്ടാനുള്ള ബലൂണുകൾ
സദസ്യരേ, നിങ്ങൾ, ഞാനും; എമ്മട്ടിൽപ്പൂജ്യനിന്നു ഞാൻ?

തലമുടികൾ വേർപെടുത്തുന്ന പെണ്ണുങ്ങളെ–
ക്കണ്ടിരിക്കുന്നു ഞാനെത്ര?
ഇടുതുകൈപ്പെരുവിരൽ നഖത്തിൽ വെച്ചിട്ടവർ
വലതുകൈപ്പെരുവിരൽ നഖത്താൽ
ഞെരടിയാൽപ്പൊടിയുന്ന പേനിന്റെ ചെഞ്ചോര
കണ്ടിരിക്കുന്നു ഞാനെത്ര?
പേനായി മാറി ഞാനാ മുഹൂർത്തങ്ങളിൽ
കേണു കൺപോളകളടച്ചൂ.
പേനുകളറിഞ്ഞിരിക്കില്ല പൊരുളെങ്കിലും
ഞാനവയെ ഞാനെന്നറിഞ്ഞൂ.
ചോദിച്ചു പോകയും ചെയ്തു നിമിഷം മൂകം:
എന്നാണു ലോകമാതാവേ,
ഭവതിതൻ പെരുവിരൽനഖത്തിൽവെച്ചെന്നെയും
ഞെരടുന്നതെന്ന വൈവശ്യം.
''ഞാനും കുടിപ്പൂ ദേവീ, നിന്റെ തലയോടി–
ലൂറും വിയർപ്പെണ്ണമയമോ?
ഞാനും ചൊറിച്ചൽ പകരുന്നുവോ മുടിയി,ലെൻ
പ്രാണൻ കിടക്കുവാൻ വേണ്ടി?

അമ്മേ പൊറുക്കുകീത്തിര്യക്പ്രകൃതിത–
ന്നശരണാസ്തിത്വദൗർബല്യം!

കോണകക്കുന്തനായല്ലോ ജനിച്ചീടുന്നു പൂരുഷൻ,
കോണകക്കുന്തിയായിക്കൊണ്ടവൻതൻ ധർമപത്നിയും.
എന്തിനോ പട്ടുകോണത്താൽ മൂടുന്നൂ ഞങ്ങൾ നഗ്നത?
ആച്ഛാദനത്തി,ലതിലുംവലുതുണ്ടായിരിക്കുമോ?
വലിച്ചെറിയുവാനാമോ ഞങ്ങൾക്കാത്മീയസത്തയെ?
പഞ്ചഭൂതാത്മികേ, നിന്റെ പുഞ്ചിരിക്കെൻ നമസ്കൃതി!
പറഞ്ഞതെന്തൊക്കെ ഞാനാസ്സദസ്സിൽ?––പ്പാടെ വിസ്മൃതം.
ഇന്നും വറ്റാതെയുണ്ടെന്നാലന്നത്തെച്ചുടുവേർപ്പുകൾ!

## മഞ്ഞക്കിളികൾ

ഗുരുവായൂരെക്കൊടിമരമുകളിൽ
ഗരുഡൻ കൊക്കു വിടർത്തുന്നു;
സ്വർണ്ണക്കൊക്കിൽ, പരമാനന്ദ–
ക്കണ്ണീർക്കൊക്കിൽ മുഴങ്ങുന്നു;

‘‘നാട്ടിൽത്തണലില്ലാതാക്കിയ മഴു
കാട്ടുമരക്കട വെട്ടുമ്പോൾ
കൂട്ടിൽപ്പിടയുന്നവരുടെ നിലവിളി
കേട്ടേനിവിടെക്കടൽവക്കിൽ.

കാട്ടുപക്ഷികളെല്ലാം വരുവിൻ
പാട്ടു പാടിബ്ഭജനമിരിപ്പിൻ!
കരുണാവാരിധി കണ്ണൻതിരുവടി
ഗുരുവായൂർക്കു വിളിക്കുന്നു!

അമ്പാടിയിലെ ദ്വാപരപശുവിൻ
പൈമ്പാലുണ്ടവനിദ്ദേഹം!
കുമ്പനിറഞ്ഞാൽത്തണലിൽ ഗോക്കൾ ക–
ളിമ്പത്തോടയവെട്ടുമ്പോൾ

ഗുരുവായുപുരത്തിപ്പോളമരും
കരുണാനിധിതന്നധരോഷ്ഠം
അകിട്ടിൽ മുട്ടിച്ചുടുപാൽ മുഴുവനു–
മാഹരിച്ചതറിഞ്ഞിട്ടും

‘ഞാനക്കാര്യമറിഞ്ഞിട്ടില്ലെ’–
ന്നാണയിടുന്ന മയക്കത്തിൽ
അന്തി ചുവക്കുംവരെയുമനങ്ങാ–
തന്തർമാധ്വി നുണഞ്ഞില്ലേ

അവർ? ആപ്പാവനഗോവൃന്ദത്തി–
ന്നരുമശ്ശിശുവിഗ്ഗോവിന്ദൻ!
പുന്നത്തൂരെക്കോട്ടയിലിന്നി–
ക്കണ്ണൻ പോറ്റി വളർത്തുന്നു

നാല്പതു കൊമ്പന്മാരെയുമവരുടെ

പാപ്പാന്മാരെയുമലിവോടെ.
കാരണമെന്താണെന്നോ? പണ്ടൊരു
കാട്ടിൽ പൊയ്കയിൽ നീരാടി

പെരിയൊരു കൊമ്പൻ; മുതലപ്പല്ലുട–
നിറുകിപ്പോയാപ്പാദത്തിൽ.
തുമ്പിക്കൈയാലവനപ്പോളൊരു
ചെന്താമരമലർ പൊട്ടിച്ചൂ

കണ്ണീർകൊണ്ടതു കഴുകിയശേഷം
കണ്ണന്നായിട്ടർച്ചിച്ചൂ.
മതി; ഭഗവാൻതൻ കംബുധ്വനിയാൽ
മുഖരിതമായീ വൈകുണ്ഠം.

ഭഗവതിയോടൊത്തെൻ മുതുകെല്ലിൽ
ഭഗവാൻ പെട്ടെന്നാരൂഢൻ!
വേണുധ്വനിയോടൊത്തെൻ ചിറകുക–
ളാനന്ദത്തിൽ മിടിക്കുന്നു.

അരനിമിഷത്താലണവൂ ഞങ്ങൾ
കരിവീരൻതൻ നികടത്തിൽ.
അവന്നു നൽകീ ഭഗവാൻ തൽക്ഷണ–
മനന്തമോക്ഷം മുതലയ്ക്കും!

അദ്ദേഹത്തിൻ ചേവടിമലർകളി–
ലർപ്പിച്ചിടുവിൻ പറവകളേ,
നിങ്ങടെ ജീവിത;മെന്നാൽപ്പിന്നെ–
സ്സങ്കടമെന്തെന്നറിയേണ്ട!

ഋതത്തിൽ നിഴലിച്ചിടുമീയർഥം
വിതർക്കകാരണമാവുന്നു
ഏതാത്മാക്കളി,ലവരെപ്പോഴും
ക്രോധത്തിൻ കല്ലെറിയുന്നു

നിങ്ങടെ കൂട്ടിനു നേരിട്ടെന്നോ?
നിങ്ങളതോർത്തു പകയ്ക്കായ്‌വിൻ.
‘അതെന്റെ മായാവൈഭവ’മെന്നാ–
ണരുളിച്ചെയ്യുവതദ്ദേഹം.’

അഖിലചരാചരചൈതന്യങ്ങൾ–
ക്കാത്മാവായ പരബ്രഹ്മം
ഇന്നും നിസ്സംഗതയൊടുകൂടി–
ത്തന്നുടെ ധർമം ചെയ്യുന്നു.

നാടുമുടിച്ച മഴുക്കൾ തുടർന്നാ–
ക്കാടു മുടിക്കിൽ മുടിക്കട്ടെ.
കരുണാവാരിധി കണ്ണൻ നിങ്ങളെ
ഗുരുവായൂർക്കു വിളിക്കുന്നു.

‘ദ്വാ സുപർണാ’പാടിയ നിങ്ങൾ
നാശമടയാൻ പാടില്ല!
കാട്ടിലിരുന്നു തപിച്ചവർ നിങ്ങൾ
കണ്ണീർ തൂകാൻ പാടില്ല!’’

ഗുരുവായൂരെക്കൊടിമരമുകളിൽ–
ഗ്ഗരുഡൻ കൊക്കു ചുരുക്കുമ്പോൾ[2]
മലയാളക്കര മുഖരിതമാക്കീ
മഞ്ഞക്കിളിയുടെ ചിറകടിയോ?

മനോമയങ്ങളെ മുഴുവനുണർത്തീ
മഞ്ഞക്കിളിയുടെ ചിറകടിയോ?
മധുരം തിന്നു മയങ്ങിയ ലക്ഷം
മഞ്ഞക്കിളിയുടെ ചിറകടിയോ?

# കാട്ടമ്പലത്തിൽ

കണ്ടേൻ മരതകക്കാടിൻ മൂർധ്നി വജ്രം കണക്കെ ഞാൻ
മധ്യാഹ്നസൂര്യബിംബത്തെ; നെഞ്ചിൽക്കാട്ടമ്പലത്തെയും.

മേൽക്കൂരയില്ലാത്ത ഗർഭഗൃഹത്തിൽ കാൺമു കൃഷ്ണനെ,
നവനീതം വലങ്കൈയിലേന്തും മന്ദസ്മിതാഢ്യനെ.

കരിങ്കൽക്കട്ടിലയ്ക്കുള്ള നുരുമ്പിച്ച കവാടവും
പൊടിഞ്ഞു വീണോട്ടെ:ഉണ്ണിക്കണ്ണനില്ലൊരു വാട്ടവും!

പീഠത്തിൽക്കാണ്മു വാടാത്ത പുതുപ്പൂവുകൾ; ആകയാൽ
ആരോ രാവിലെ വന്നിന്നും പൂജിച്ചിട്ടുണ്ടു ദേവനെ.

ഈറൻ തോർത്തരയിൽ, ത്തോളിൽ പ്പൂണൂലും, പൂണ്ട വാർധകം,
കിണ്ടിവെള്ളത്തിലെപ്പുഷ്പം, മുരൽമൂട്ടിനു ചന്ദനം

മനസ്സിലൂടെപ്പായുമ്പോളിരിപ്പേൻ മീലിതേക്ഷണൻ
പുരയില്ലാക്കരിങ്കല്ലുമണ്ഡപച്ചൂടിൽ മൗനി ഞാൻ.

ആര്യമാവെൻ നിറുകയിലാടുന്നുണ്ടായിരം കുടം,
തണുത്ത വായുഭഗവാനൊപ്പി മാറ്റുന്നു വേർപ്പുകൾ.

കിണറ്റിൽ വെള്ളം സ്ഫടികം; കോരാൻ നല്ലൊരു കപ്പിയും!
ദാഹം മാത്രമെനിക്കില്ല, നാമം സ്പന്ദിപ്പൂ ജിഹ്വയിൽ!.

ആരെന്നീക്കോവിലിൻ നഷ്ടസൗന്ദര്യം വീണ്ടെടുക്കുവാൻ?
പൊളിഞ്ഞു വീഴാൻ മുഹൂർത്തം പാർക്കുന്നൂ വലിയമ്പലം!

ഹരേ, രാമ, ഹരേ, രാമ, രാമ, രാമ, ഹരേ, ഹരേ,
ഹരേ, കൃഷ്ണ, ഹരേ, കൃഷ്ണ, കൃഷ്ണ, കൃഷ്ണ, ഹരേ, ഹരേ!

അടയും കൺകളോടൊപ്പം വിടർന്നീടുന്നു ഗദ്ഗദം:
കറുത്ത വെണ്ണപോൽ മിന്നും കൃഷ്ണ, നീയേ പരംപൊരുൾ!

ഉടൻ ശ്രീകോവിലിന്നുള്ളിൽക്കേൾപ്പേനൊരു ചിലമ്പൊലി;
കുഞ്ഞിക്കൃഷ്ണൻ വായുവിലൂടെന്റെ നേർക്കു വരുന്നുവോ?

പിച്ചവെച്ചെത്തിയെൻ മുന്നിൽച്ചിരിച്ചുംകൊണ്ടു നിൽക്കയോ?
ചൊടി മന്ദം വിതിർത്തെന്നോടരുളിച്ചെയ്‌വിതോ ശില?

''നാമം ജപിക്കുന്ന നശ്വരാത്മൻ, താങ്കൾക്കു സാധ്യമോ
ഒരൊറ്റസ്സേവനം?'' പക്ഷേ, ''എന്തതെ''ന്നെന്റെ സംശയം.
''ഈ മഹാക്ഷേത്രവൈരൂപ്യം കണ്ടു ദുഃഖിച്ചിടാതെ നീ
എഴുന്നേറ്റാൽ ജീർണതയിൽനിന്നിതുദ്ധൃതമായ് വരും.''

''മനസ്സിലായില്ല,''കൂപ്പുകൈയിൻ മുകളിലൂടെ ഞാൻ

ഉപാംശുവായുച്ചരിക്കെച്ചിരിച്ചൂ കുസൃതിപ്രിയൻ:

''മനസ്സിലാവില്ല നിനക്കതുകൊണ്ടുരചെയ്‌വു ഞാൻ;
ക്ഷുദ്രം ഹൃദയദൗർബല്യം ത്യക്ത്വോത്തിഷ്ഠ പരന്തപ!''

''മനസ്സിലായില്ല'', വീണ്ടും കൺതുറക്കാതെ ചൊല്ലി ഞാൻ;
കരുണക്കടലപ്പോഴും ചിരിച്ചൂ കുസൃതിപ്രിയൻ:

''സങ്കോചം, സംഭ്രമം, സന്ദേഹവുമായ്ക്കൂട ഹൈന്ദവം:
രാത്രി വന്നെന്റെയിബ്ബിംബം പുഴക്കിക്കൊണ്ടുപോക നീ.

കടത്തുക വിദേശത്തേക്കെന്നിട്ടശ്ശിൽപ്പസൗഭഗം
കോടികോടിഡ്ഡോളറിന്നുവിറ്റൊഴിക്കുക നിർഭയം.

തിരികേ വന്നു നീ ശുദ്ധികലശം നിർവഹിക്കുക,
പ്രതിഷ്ഠിക്കുക സാഘോഷമിവിടെപ്പുതുവിഗ്രഹം.

അതു ലക്ഷണസംയുക്തം നിർമിക്കാനുള്ള വൈഭവം
അസ്തമിച്ചിട്ടില്ല ഭാരതത്തിലെന്നാശ്വസിപ്പൂ ഞാൻ!

ദേവനോ നമ്പൂതിരിയോ ദത്തനോ കുഞ്ഞിരാമനോ
ജീവിച്ചിരിപ്പിടത്തോളം ജീവിച്ചീടുന്നു ഹൈന്ദവം!''

അറിയാതെച്ചിരിക്കെ, ക്കൺതുറന്നേറ്റു നടക്കവേ,
എന്റെ ദുർബലഗണ്ഡത്തിൽ വിയർപ്പോ ഹർഷബാഷ്പമോ?

## അതുവയ്യേ?

ബുധനും ശുക്രനുമിപ്പോൾ
സ്ഥിതിചെയ്യുന്നു വിഭിന്നരാശികളിൽ;
എത്തുമൊരേ രാശിയിലവർ
കർക്കിടകം പന്തിരണ്ടിനാണത്രേ.

മലയളികളതുവരെയും
മഴ കിട്ടാതെപ്പൊരിഞ്ഞുകൊള്ളണമോ?
ഇല്ല വെളിച്ചം, വെള്ളവു–
മിങ്ങനെ നാമെത്ര സമകൾ ജീവിക്കും?

അതിരാത്രമനുഷ്ഠിക്കാം;
കാലം പോയെന്ന കാര്യമൊഴിവാക്കൂ:
മന്ത്രങ്ങളിൽ വിശ്വാസം
മലയാളികളെത്ര പണ്ടു മതിയാക്കി!

അതിരാത്രപ്രൈഷാർഥവു–
മറിയാത്തവരായി നമ്മളെപ്പേരും;
ഇന്നു വിദേശികളല്ലോ
രക്ഷിക്കുവതഗ്നിഹോത്ര സംസ്കാരം!

മദിരാശിയിലൊരു സായ്പിൻ
മഴപെയ്യിക്കുന്ന യന്ത്രമുണ്ടത്രേ;
ഇവിടെയുമെത്തും നാളെ,
പ്പക്ഷേ നാമതിനു മുമ്പു ചത്തൊഴിയും.

കൃത്രിമ മഴപെയ്താലുമ–

തെത്രത്തോളം സമഗ്രമായ്ത്തീരും?
തുപ്പൽ കുടിച്ചാലുണ്ടോ
തീരുന്നൂ ഹേ, മനുഷ്യ, നിൻ ദാഹം?

ബുധശുക്രന്മാരെക്കൈ–
കോർപ്പിക്കാൻ നമ്മളാലെയാവില്ല;
കാട്ടിലെ വൃക്ഷം മുഴുവൻ
വെട്ടിക്കളയാതിരിക്കുവാൻ വയ്യേ?

# ആനച്ചിറകിൽ

**ക**ലവും കുടവും നിറഞ്ഞ കൊട്ട–
ത്തലതൻ ചോട്ടിലിഴഞ്ഞു നീങ്ങിടുന്നു
മല കേറി മറിഞ്ഞു തോടുചാടി–
ബ്ബലവാനായൊരു കുംഭകാരനുള്ളിൽ.

അവനിയ്യിടെയെന്റെ തട്ടകത്തിൻ
സവിധത്തിൽത്തലകാട്ടിയില്ല,തെന്തേ?
ശിവ, വൽസരമമ്പതാണു പിന്നീ–
ടവസാനിച്ചതു കണ്ണിമയ്ക്കൽപോലെ.

അവനമ്രശരീരിയാകിലെന്താ–
ണവിധേയത്വമുരുണ്ട കൺവിടർത്തി
അവനുച്ചയിലെത്ര കിണ്ടി വെള്ളം
ജവമൊന്നിച്ചു കുടിച്ചിരുന്നുവെന്നോ?

പൊരിവെയ്‌ലിൽ വിയർത്തൊലിച്ചു മാന–
ത്തെരിയും സൂര്യനെ നോക്കിനിന്നശേഷം
കരയാൻ കഴിയാഞ്ഞു ചുണ്ടിറുക്കി–
ച്ചൊരിയാറുണ്ടവിഷഹ്യമന്ദഹാസം!

''മുനിമാതിരി നാക്കടഞ്ഞ കുമ്പാ–
രനിതാ, തെക്കുപുറത്തു കാവലുണ്ടേ,
മണിയൊന്നുകഴിഞ്ഞു''വെന്നു കേട്ടാ–
ലണലിക്കൊത്തിലുണർന്നെണീക്കുമമ്മ.

തണലിൽത്തടിനീർത്തുമൂൺകഴിഞ്ഞാ–
ലിണമുണ്ടറ്റവനായ കുംഭകാരൻ,
മണി രണ്ടു ചെവിക്കടിച്ചെണീറ്റാൽ
ഹനുമാൻതൻ മല മണ്ടയിൽച്ചുമക്കും.

കലവും കുടവും വിലയ്ക്കുവാങ്ങും
കലയച്ഛൻ വിധിപോലെ നിർവഹിച്ചാൽ
നലമാർന്നു ചിരിക്കു, 'മോമനേ, വെ–
റ്റില'യെന്നെന്നൊടുമെല്ലെയുച്ചരിക്കും.

കുറിയിട്ടതുപോലൊരെമ്പതാണ്ടിൻ
ജരയാ മെയ്യിൽ മൊരിഞ്ഞുനിന്നിരുന്നു;
കുരയും വരുമുച്ചവേർപ്പി,ലെന്നാൽ
നരതീണ്ടാത്ത കഷണ്ടിയായിരുന്നു.

ഒരുപാടു കുടങ്ങളുള്ള വല്ലം

തെരികത്തട്ടിൽ വഹിച്ചു നീങ്ങിനിൽക്കേ
തുറുകണ്ണുകളെന്റെ ശൈശവത്തോ–
ടെറിയപ്പെട്ട മുഹൂർത്തമോർപ്പിതിന്നും.

''ചിറകുള്ളൊരു കൊമ്പനാനയുണ്ടി–
ക്കുറികൈയിൽ, ത്തരുവാൻ മറന്നുപോയി;
ചരടിട്ടൊരു ചാടിലീ മനയ്ക്കൽ–
ച്ചുരമാന്തട്ടെ; വരാമടുത്തമാസം.''

# ഈശ്വരന്റെ ദിഗ്ഭ്രമം

ഈശ്വരനാഫ്രിക്കയിലമേരിക്കയിലെന്ന–
ല്ലേഷ്യയിലാസ്ത്രേല്യയിൽ യൂറോപ്പിലെല്ലാമെല്ലാം
ശക്തൻതമ്പുരാനെപ്പോലൊറ്റയ്ക്കു നടക്കുന്നൂ
നക്തതാമിസ്രത്തിലെദ്ധർമനിഷ്ഠയിലൂടെ.
ജനലിൽച്ചെവിചേർത്തുകേൾക്കുന്നു പ്രജകൾതൻ
കനലിൽപ്പൊട്ടിത്തെറിച്ചോടുങ്ങും പൊരികളെ.
കർമൈകപ്രവണനാമദ്ദേഹത്തിനെക്കൊണ്ടു
നിർമമബ്രഹ്മംപോലെയിരിക്കാനാവില്ലല്ലോ.

ഉറങ്ങുന്നതുവരെയോരോ വീട്ടിലുമുള്ളോ–
രുരചെയ്വതു ഹൃത്തിൻടേപ്പിന്മേൽപ്പതിഞ്ഞാലോ,
തിരിച്ചെത്തുന്നൂ സ്വക്ഷേത്രത്തിലിത്തിരികൂടി
നരച്ച മുടിയുമായാദിത്യനുദിക്കുമ്പോൾ.
പകലത്രയും ശബ്ദലേഖനയന്ത്രത്തിന്റെ
പക്കത്തു ചമ്രം പടിഞ്ഞിരുന്നിട്ടനിമേഷൻ
മുൻനാളിൽച്ചെവിക്കൊണ്ട വാക്യത്തിലോരോന്നിലും
മിന്നിയ സുവർണ്ണരേണുക്കൾ ശേഖരിക്കുന്നു
സന്ധ്യയാവുമ്പോളവ മാനത്തേക്കെറിഞ്ഞിട്ട–
സ്സന്തുഷ്ടി വീണ്ടും സത്യാന്വേഷണം തുടങ്ങുന്നു.

കാലമാ മുഖത്തൊരു വിസ്മയം കണ്ടൂ; ''എന്താ
കാര്യം?'' എന്നാരായവെപ്പറഞ്ഞൂ വിശ്വംഭരൻ,
''ഹിമവദ്ഗിരിയുടെ മഞ്ഞണിനിലാവത്തീ–
സ്സുമനോഹരഭൂവിലൂടെ ഞാൻ ചരിക്കുമ്പോൾ,
തുംഗമാം ഗൗരീശങ്കരോന്മിഷൽസ്സംശാന്തിയാൽ
ഗംഗയും യമുനയും സിന്ധുവും പാടും പാട്ടാൽ
മാമകാശയമാദിമാനവചരിത്രത്തിൻ
രോമന്ഥപുണ്യങ്ങളിൽ മുഴുകിത്തുടിക്കുമ്പോൾ
ഒരു സംശയം, പ്രതിരാത്രസംശയം: എന്താ–
യിരിക്കാമിദ്ദേശത്തിന്നിത്രമേലൊരു മൂല്യം?
ദേവയോനികൾ പോലും മുക്തികാമനയാലി–
ബ്ഭൂവിൽ വന്നവതരിക്കണമെന്നാവാനെന്തേ?''

കേട്ട പാതിയിലും കേൾക്കാത്ത പാതിയിലും നെ–
ട്ടോട്ടമാണല്ലോ കാലം: ചിരിച്ചൂ വിശ്വംഭരൻ.
എങ്കിലും ഫലത്തിങ്കലിച്ഛവെയ്ക്കാതെച്ചൊന്നാൻ:
''എൻ കരൾത്തുടിപ്പിലെ വിസ്മയം പറവേൻ ഞാൻ.
കാണാതായ്സ്സുമേര്യയിലീജിപ്തിൽ ഗ്രീസിൽ ബാബി–
ലോണിയയിലും പണ്ടു ശോഭിച്ച സംസ്കാരങ്ങൾ.

ഗതമാം മന്വന്തരങ്ങളിലെപ്പുണ്യങ്ങളാൽ
ഋതഭൂയിഷ്ഠങ്ങളിക്കർമഭൂഭാഗങ്ങളിൽ
ഇരവിൽ ദുഃഖങ്ങളെപ്പകുക്കും ഗൃഹങ്ങളിൽ–
പ്പറയുന്നതു കേൾപ്പേനിപ്പോഴും കൂടെക്കൂടെ:
'താൻ പാതി ദൈവം പാതി, താൻ പാതി ദൈവം പാതി,
താൻ പാതി ദൈവം പാതി, താൻ പാതി ദൈവം പാതി.

ഹിന്ദുവും മുസൽമാനും ശിഖനും ക്രിസ്ത്യാനിയും
ചിന്തിപ്പതൊന്നായ്ത്തീരുമീ നാടിൻ പേരെന്തായാവോ!
ഇന്ത്യയോ പാകിസ്ഥാനോ സിലോണോ ബംഗ്ലാദേശോ?'
ഇത്തിരി നേരം മൗനം പാലിച്ചു നിന്നു ദൈവം,
ദൂരെനിന്നപ്പോൾക്കേട്ടൂ കാലത്തിൻ മറുപടി,
''പേരെന്തുമാട്ടേ, അഭിന്നങ്ങളീ പ്രദേശങ്ങൾ.
കർമത്തിൽമാത്രം, ഫലത്തിങ്കലില്ലധികാര–
മെന്ന നിൻ പഴമൊഴി മാറ്റൊലിക്കൊൾവൂ നീളെ.''

# മുക്കൂട്ട്

കാടായ കാടൊക്കെത്തെണ്ടി നടന്നിട്ടും
കാണേണ്ട സത്യം കണ്ടില്ല,
തോടായ തോടൊക്കെച്ചാടിക്കടന്നിട്ടും
തോന്നേണ്ട സത്യം തോന്നീല,
ശബ്ദപ്രപഞ്ചം മുഴുവനും കാതിലെ–
യഭ്രത്തിൽക്കോരിച്ചൊരിഞ്ഞിട്ടും
കേൾക്കേണ്ടതൊന്നും നീ കേട്ടില്ലെന്നല്ലയോ
കേഴുന്നതിന്നത്തെസ്സായാഹ്നം?

കാലത്തുതൊട്ടു നടന്നതുകാരണം
കാലിൽക്കഴപ്പു മുഴുക്കുന്നു,
കൂട്ടിൽ ഭരണിയിലുണ്ടാമോ മു–
ക്കൂട്ടെന്നാശ കതിർക്കുന്നു
അവസാനകാലത്താ മുക്കൂട്ടല്ലോ
അരുളിയതച്ഛന്നാശ്വാസം
അവസാനിക്കാത്ത മുക്കൂട്ടല്ലോ
അരുളിയതമ്മയ്ക്കുമാശ്വാസം.

# വാർധക്യമൗനം

വണ്ടത്തെസ്സുഹൃത്തു കൈപിടിച്ചു കുലുക്കവേ
ചുണ്ടത്താപ്പേരില്ലാത്ത വാർധക്യം നടുങ്ങുന്നു.
ഈയ്യിടെപ്പരിചയപ്പെട്ടവൻ വീണ്ടും വന്നാൽ
'ഇയ്യാളേതവൻ' എന്നു കണ്ണുന്തി മിഴിക്കുന്നു.
എന്നിട്ടും പ്രഭാതത്തിൽ മുഖക്ഷൗരാർഥം നേര–
മെത്ര മുറ്റത്തെപ്പുല്ലു പറിക്കാതിരിക്കുന്നു!
പൗഡറും സുറുമയും സെന്റും യൗവനത്തിന്റെ
പൗർണമി പുനരാവിഷ്കരിച്ചാലായെന്നാശ!
അറിവൂ പക്ഷേ, ഞാനും ദേഹവും രണ്ടാണിപ്പോൾ

വരണ്ട കുടുക്കയിൽ കൂവളക്കുരുപോലെ.
പുറത്തുചാടാൻ, വഴിതേടുന്നൂ കുരു തട–
വറയിൽക്കൂനിക്കൂടും പടയാളിയെപ്പോലെ.
പുറത്തെശ്ശബ്ദത്തിൽനിന്നൂറുന്നു സത്യം: ''വെമ്പാ–
തിരുന്നാനന്ദിച്ചാലും! നീയില്ല, ഞാനേയുള്ളൂ.''

## ചെറുവള്ളൂർക്കവി*

ചെറുവള്ളൂരെക്കവിയുടെ
തിരുവുള്ളത്തിൽത്തെളിഞ്ഞ ലാവണ്യം
പെരുവെള്ളത്തിലൊലിക്കാ–
ത്തൊരു പാറക്കെട്ടനന്തതാഹൃത്തിൽ.

അവിടെക്കയറിയിരുന്നാ–
ലാകാശത്തുള്ളതൊക്കെയും കാണാം;
ആദിയുമന്തുമില്ലാ–
ത്താത്മാവിൻ മൂർത്ത സൗഹൃദം പുൽകാം.

അവിടെയിരുന്നാൽക്കേൾക്കാ–
മുണ്ണിക്കണ്ണന്റെ വേണുവാദനവും
ശിവതാണ്ഡവധ്വനിയും
വിധിയുടെ ചെവികേട്ട തപതപസ്വരവും.

അങ്ങയിൽ വെച്ചല്ലീഞാ–
നാനന്ദോത്തുംഗഗോപുരം കണ്ടു?
അങ്ങയിൽ വെച്ചുൾക്കൊണ്ടേൻ
ജീവന്മുക്തിസ്ഥലപ്രഭാവലയം.

അങ്ങയ്ക്കരികിലെ വൈലോ–
പ്പിള്ളിയിൽ, ഞാൻ വിസ്മയിച്ചു വീക്ഷിക്കേ,
കട്ടിയിരുമ്പും സ്വർണ–
ക്കണ്ണീരായ്ത്തീർന്നതിന്നുമോർക്കുന്നു!

## കണ്ണിമാങ്ങാപ്രായത്തിൽ

മുറിവാലനെ സ്സേവകൂടുന്ന ഹേ, വള്ളിക്കാ–
ലുറയിട്ടോരേ, വായിൽക്കപ്പലോടിക്കുന്നോരേ,
നിങ്ങൾതൻ കൊതി കൊടുങ്കാറ്റടിച്ചെൻ കാൽക്കീഴിൽ
വിങ്ങിടും മൃദുസ്നായുക്കളെയും പുഴക്കുമ്പോൾ

ശ്രീനഗറിലെ സ്സുപ്രശസ്തനാമലറി[1] പോൽ
ഞാനടിമുടി വിറച്ചന്തരാ കരയുമ്പോൾ
തുറന്നു പറയട്ടേ നിങ്ങളൂഹിക്കുംപോലെ
മധുരത്തനിമയല്ലെൻ പഴം കുഞ്ഞുങ്ങളേ!
ആർ ശപിച്ചിട്ടെൻ മധു പുളിച്ചൂ? പറയുവാ–
നാവില്ല: വാതിൽ[2]പ്പുറപ്പൊരുൾ നാം മറന്നല്ലോ!

ഹൗഹൗഹൗ

പണ്ടേതോപഥികക്ഷുത്താറ്റിയ മാധുര്യത്തി–
ന്നണ്ടി കാലത്തിൻ വക്കിൽ വീണതിൻ മുളയാം ഞാൻ.

ഇരട്ടപ്പരിപ്പുള്ള വാഴ്‌വിലദ്വൈതത്തിൻ മാ–
ധുരിയാൽ തണൽവിരിത്താഴ്മയായ് വളർന്നപ്പോൾ
പല പന്തീരാണ്ടിനെസ്സേവിച്ചു, പക്ഷേ, നിന്ന
നിലപാടിൽനിന്നിമ്മിക്കകലാനാളായില്ല!
പാരിതിന്നാഴങ്ങളിലലഞ്ഞ ഗവേഷണ–
വേരുകൾ മധുരാന്നരസവും ദൂരത്തു നി–
ന്നുദയാസ്തമനപര്യന്തനാമർക്കൻ സ്വന്തം
സദയോഷ്മാവും നൽകിക്കാത്തൊരു ദീർഘായുസ്സിൽ
ഞാനെന്റെ സുവിനീതാസ്തിത്വത്തെസ്സവിസ്മയ–
ഗാനസുന്ദരലയമാക്കി നെയ്തെടുത്തപ്പോൾ.
ആയിരം ദിവ്യാനന്ദബിന്ദുക്കളിരുട്ടത്തു
മായുന്ന ദൂരങ്ങളെക്കീറിവന്നാശ്ലേഷിക്കെ,
എത്ര സുന്ദരവർണഭംഗികൾ ചേക്കേറിയി–
ല്ലെന്റെ നാസയിൽ,ക്കാതിൽ, വായിലും! മതിയല്ലോ!
എങ്കിലും മുരളുന്നു മക്കളേ,മമ മൗനം:
എന്റെ കൊമ്പീവർഷത്തിൽ പൂക്കുവാൻ വൈകിപ്പോയി!
എന്തുകൊണ്ടമാന്തിച്ചു പോയെന്നു വിവരിക്കാ–
നെന്റെ, നമ്മുടെ, കൈയിലില്ലല്ലോ ദിവ്യജ്ഞാനം.
നിങ്ങളിൽ സംപ്രീതനായ് തല ഞാൻ കുലുക്കിയാ–
ലിന്നുതിർന്നിടും വെറും കണ്ണിമാങ്ങകൾ മാത്രം!
കുംഭത്തിൽപ്പെയ്തില്ലയോ മഴയീവർഷം? ചൂടു
കുറവാണി,തല്ലാത്ത കാരണങ്ങളും കാണും.
അതെന്തായാലും ക്ഷമിച്ചിരിപ്പിൻ പൈതങ്ങളേ,
അചിരാൽപ്പവിഴമായ് ത്തീരുമിപ്പച്ചക്കല്ലും!
പവിഴപ്പകിട്ടുള്ള മാധുര്യത്തിലും പക്ഷേ
പുളിയുണ്ടാവും ലേശമെന്നുമോർമിപ്പിക്കട്ടെ.

ഊഊഊ

ശരിയാണറിവതെങ്ങനെയിച്ചൂതപ്രതി–
കരണം ശിശുക്കൾ? ഈക്കല്ലുകമ്പുകളേൽക്കെ
ക്ഷമതന്നവതാരംപോലെ നിശ്വസിപ്പേൻ ഞാൻ
വിമലപ്രേമപ്രാണവായുക്കൾ നിങ്ങൾക്കായി!
ക്ഷമ, മക്കളേ, പരമാശ്രയം; ഇന്നേവരെ–
സ്സമയം വന്നീലെനിക്കൊന്നു കാൽപൊക്കാൻപോലും!
നിന്ന നിൽപ്പിലേ നിന്നു മടുത്തു; മടുത്തിട്ടു–
മെന്നൊടു ചൊൽവേൻ: ‘‘കിട്ടും നിനക്കു മോക്ഷം നാളെ.’’
പൂക്കുന്നൂ, കായ്ക്കുന്നൂ, ഞാൻ ഋതുമാറുമ്പോളില–
പോക്കുന്നൂ: ‘ധർമം ധർമ’മെന്ന പേച്ചിതാണല്ലോ!
പലകോടാലിത്തോളിൽച്ചെരിയും തലകൾ, ചു–
റ്റളവും കിളരവും മതിച്ച തടിയാം ഞാൻ!
എത്ര കണ്ടിയുണ്ടാവും വിറകെന്ന,തു വിറ്റാ–
ലെന്തു കിട്ടിടുമെന്നും കേട്ടറിഞ്ഞിരിക്കുന്നു!
‘‘പണ്ടാരം വക മണ്ണിലായിപ്പോയ് നിലപാടി–
പ്പണ്ടാരം!’’ പോകും പോക്കിലവർ തങ്ങളിൽച്ചൊൽകെ,
തല വായുവിൽത്തല്ലിക്കേഴുവേൻ: [3] ഉലൂഖലം
വലിക്കും കാരുണ്യമേ, കാൺമിതോ നീയിദ്ദൈന്യം?

# മാധവോല്ലാസം

ആ മനോഹര വാർധകത്തിൻ നീൾമിഴികളി–
ലായിരം മനുഷ്യാത്മസ്പന്ദനങ്ങളെക്കാൺകെ,
പണ്ടേതോ കൂത്തമ്പലത്തൂൺചാരി മയങ്ങുമെൻ
മണ്ടത്തം ഞെട്ടിത്തലപൊന്തിച്ചതോർപ്പേനിന്നും.
അക്കരവിന്യാസത്തിലപ്പാദവിന്യാസത്തി–
ലംഗുലീചലനത്തിൽക്കൂടിയും ബ്രഹ്മാനന്ദം!
ആർഷഭാരത നിത്യയൗവനം! മനുഷ്യാത്മ–
ഭാഷ്യചക്രവാളത്തിൽത്തുളുമ്പും പ്രഭാതശ്രീ!
മുഖപേശികളുടെ സങ്കോചവികാസത്തി–
ലഖിലാന്തര്യാമിതന്നക്കിത്തധ്വന്യാലോകം!
ആയിരമിതളുള്ള താമരപ്പൂവേ, നിന്റെ
മായികപ്രമോദത്തിൻ കാരുണ്യപ്രണവത്താൽ
പഴഞ്ചൻ നവരസഗോഷ്ഠി മാനവാത്മാവി–
ന്നഴകായുയിർക്കൊണ്ട വിസ്മയമോർപ്പേനിന്നും.
ഗുരുവായൂരപ്പന്റെ കളഭം പോലാസ്സുഖം
ഉരുകും കണ്ണീരിലിന്നലിയിച്ചണിയട്ടെ
നെറ്റിയിൽ, തൊണ്ണൂറ്റിരണ്ടാണ്ടുകളലക്കിയ
വസ്ത്രം നീ വിഴുത്തതിലുള്ള വൈക്ലബ്യം മായാൻ!
എത്ര നൂറ്റാണ്ടീ ലോകം കാത്തിരിക്കണം മേലി–
ലിത്രമേൽ സുവാസിതം മാധവോല്ലാസം കാണാൻ?
സൂര്യചന്ദ്രന്മാരായിശ്ശോഭിച്ച മിഴികളിൽ
സൂക്ഷ്മലോചനം നവഗ്രഹസാന്നിധ്യം കണ്ടു.
അവർതന്നനുഗ്രഹഭക്തിയിൽ നവരസ–
ച്ഛവിയായ് സനാതനധർമകാഹളം കേട്ടു.
നവശക്തികൾ ഭവൽപാദങ്ങളുഴിയവേ,
നവയോഗികളകമ്പടി സേവിക്കാൻ നിൽക്കെ,
നവകർമാനുഷ്ഠാനരതി കണ്ടാശ്ചര്യത്താൽ
നവകർമസാക്ഷികളങ്ങയെ നമിക്കവേ
നവധാന്യവും നവധാതുവും പറന്നെത്തും
നവരത്നവും ഭവൽപ്പാദപാംസുവിൽ വീഴ്കെ,
ഉരിയാടീലാ നവഗോപ്യങ്ങളാരോടും നീ
പരിവർജിച്ചൂ നവദോഷങ്ങൾ നിർദാക്ഷിണ്യം.
നവലക്ഷണശാലിയങ്ങതൻ വിയർപ്പിൽനി–
ന്നവതീർണമായ് നവനിധികളനുസ്യൂതം!
അങ്ങനെയല്ലീ ഭവന്മാസ്മരകലാകൃഷ്ട–
രിങ്ങു വന്നെത്തീ നവഖണ്ഡവാസികളാകെ?
നവതീർഥമായ്ത്തീർന്നൂ നിൻമൊഴി വന്നൂ നവ–
നദികളൊഴുകിക്കൊണ്ടത്തൃക്കാൽപ്പൊടി വരെ!
ആയിരമിതളുള്ള താമരപ്പൂവേ, നിന്റെ
മായികതിരോധാനദുഃഖത്തിൻ തമിസ്രത്തിൽ
'സാധിതമോക്ഷൻ വീണ്ടും കീഴോട്ടു വരില്ലെ'ന്ന
ബോധമായസ്മൽസ്വാർഥബുദ്ധികൾ വിതുമ്പുമ്പോൾ
അന്ധയെപ്പോലെ കുത്തിയിരിപ്പൂ നങ്ങ്യാരൊടൊ–
ത്തിന്ത്യ, കാലുകൾ നീട്ടിത്താടിക്കു കൈയും കുത്തി!
അവൾതൻ കണ്ഠത്തിലെത്താലിമാലയോ വിണ്ണി–
ലവിരാമാശ്രുക്കളായ്ച്ചിതറിക്കിടക്കുന്നു?

## വ്യാഴവട്ടങ്ങൾക്കു ശേഷം

ആദിത്യദേവനുദിക്കും മുമ്പേ
ആരെന്റെ വാതിലിൽ മുട്ടിടുന്നു?
പൂമുഖവാതിൽ തുറന്നു ഞാൻ കാണുന്നു
പുഞ്ചിരിക്കീഴിലെക്കൂപ്പുകൈകൾ!

കണ്ടിതാക്കൂപ്പുകൈപ്പത്തികളിൽ
തുണ്ടുകടലാസ്സ,തിൻ വിറയും;
പിന്നെയേ കണ്ടെത്തിയുള്ളൂ ഞാൻ, പിന്നിലെ–
ക്കണ്ണിൽ തുറിച്ച ഭയാതിരേകം.

ആരാണിതെ, ന്നയൽക്കാരനല്ലേ?
ആരാഞ്ഞിടുകയാണാ വിവശൻ,
''ബുദ്ധിമുട്ടായോ പുലർച്ചയ്ക്കു തന്നെ?യി–
ക്കത്തിലെന്തെന്നെന്റെ വേവലാതി!''

കത്തു മേടിച്ചു ഞാൻ നോക്കി, വേഗാ–
ലെത്തണം പോലുമീ ഗ്രാമവൃദ്ധൻ
താലൂക്കിലുള്ള ഖജാനയിൽ; എത്തിയാൽ
തന്നേക്കുമത്രേ കുറച്ചു ശുക്രൻ!

''വാർദ്ധക ക്ലേശത്തെത്തള്ളി നീക്കാൻ,
വായുഗുളികകൾ വാങ്ങി വെയ്ക്കാൻ
ഇപ്പണം,'' മന്ത്രിച്ചിതാ ക്ഷണം നെറ്റിയിൽ
ഉദ്ഭൂതമായ വിയർപ്പുതുള്ളി.

കണ്ണിന്നിരുട്ടിൽ നിന്നാത്തവേഗം
ഉണ്ണിക്കതിരോൻ ചിരിച്ചുണർന്നു,
''കല്പനയിംഗ്ലീഷിലാകയാൽ രാത്രിയിൽ
കണ്ണിന്റെ പോള ഞാൻ കൂട്ടിയില്ല!''

വ്യാഴവട്ടങ്ങൾക്കു ശേഷമിന്നും
വ്യാപിച്ചു നിൽപ്പൂ മനോമയത്തിൽ
ഭാഷ മനസ്സിലാവാഞ്ഞിട്ടുറങ്ങാത്ത
ഭാരതപൗര, ഹേ, നിന്റെ ദുഃഖം!

ഇന്നീ പ്രപഞ്ചത്തിലില്ല താങ്ക–
ളെന്നു വരികിലും ബാക്കി നിൽപ്പൂ
ഭാഷ മനസ്സിലാവാഞ്ഞിട്ടുറങ്ങാത്ത
ഭാരതപൗര, ഹേ, നിന്റെ ദുഃഖം!

## വിടരാതിരിക്കില്ല

കവിയാവണമെങ്കിലെന്തു ചെയ്യണമെന്നോ?
കവിയാവണമെന്നു മോഹിക്കാതിരിക്കണം.
കരളിൽ സ്ഥലകാലക്ഷീരസാഗരത്തിലെ–
ക്കളഹംസത്തെപ്പോലെ വിഹരിച്ചെഴുതണം.
എഴുതിക്കഴിഞ്ഞതും തിരുത്തീടണം തൂശി–
പ്പഴുതിൽ നൂലോടിക്കും വിരലിൻ ക്ഷമയോടെ.

എന്നെക്കൊണ്ടിതിലേറെ നന്നാക്കാൻ കഴികയി–
ല്ലെന്നു വന്നാലേ നെറ്റിവിയർപ്പു തുടയ്ക്കാവൂ.

ൟൟൟ

കടലിൽത്തിരപോലെക്കരളിൽക്കാവ്യം താനേ
വിടർന്നാലല്ലാതെഴുതുന്നതെങ്ങനെയെന്നോ?
വിടരാതിരിക്കില്ല മാനവദുഃഖങ്ങൾതൻ
വിടവിൽ പ്രകാശിക്കുമാനന്ദം നുകർന്നോനേ,
അതിനെ സ്നേഹിക്കയാലതിനെപ്പൂജിക്കയാ–
''ലിതുമാത്രമേ സത്യ'' മെന്നതിലലിഞ്ഞോനേ!

# കർഷകപ്രതിജ്ഞ

വന്നിയൂരൊന്നിലെപ്പച്ചക്കല്ലൊളിതൻ സൗരഭത്താൽ
[1]പന്നിയൂരമ്പലം നമ്മൾ പണിമുടിക്കും!
[2]ആയിരംകാൽമണ്ഡപമായസ്പൃശ്യസമുന്നതിതൻ
വായുമണ്ഡലത്തിൽപ്പവൻനാണയം നിൽക്കെ
അമ്പരന്നു കേഴുകയാണിന്ത്യാഗേറ്റിലൊഴുകുന്ന
സമ്പത്തിന്നു കാവൽ നിൽക്കും വാണിയവർഗം.
മന്ദസ്മിതം തൂകീ പക്ഷേ മലനാടൻ പശിമയിൽ
യന്ത്രക്കലപ്പകളോട്ടും കർഷകർ നമ്മൾ.
വേമ്പനാടൻ കായലിന്റെ മടിയിലും കടലിന്റെ
വെണ്ണതോൽക്കും കരയിലും മുമ്പിനാൽത്തന്നെ
ഉമ്പർനാടിൻ ദയ നട്ട കൽപ്പകം തണൽ വിരിക്കെ
കമ്പിതമാമെന്തിന്നസ്മൽപ്രയത്നവീര്യം?
മലകളും മലകളും പാണിഗ്രഹം[3] ചെയ്തുനിന്നു
ജലകളമൊഴുക്കുന്ന കനാൽക്കരയിൽ
അശ്വഭടപ്രൗഢിയിൽത്താൻ കുടിയിരുത്തുകയാണി–
ന്നശ്വതിയെ ഭാരതിയെ ശബരിയേയും.
പാലക്കാടും കുട്ടനാടും വിത്തറയൊരുക്കി നിൽക്കെ
പാരമ്പര്യധർമമല്ലോ നമ്മൾതൻ മൂല്യം:
പന്നിയൂരൊന്നിലെപ്പച്ചക്കല്ലൊളിതൻ സൗരഭത്താൽ
പന്നിയൂരമ്പലം നമ്മൾ പണിമുടിക്കും!

# നീതന്നെയല്ലീ ഞാൻ?

എവിടെപ്പോയെന്റെ കണ്ഠസ്വരസ്ഥാനങ്ങൾ തോറുമേ
ഉദിച്ച പാലാഴിയിങ്കലുയിർക്കൊണ്ട സരസ്വതി?
എവിടെപ്പോയെന്റെ തർജന്യഗ്രത്തംഗാരചൂർണിയിൽ
ഉദിച്ച സൗന്ദര്യമായ സപ്തവർണസരസ്വതി?
എവിടെപ്പോയ്ക്കൃഷ്ണ, പണ്ടെൻചുണ്ടിൽ ശബ്ദിച്ച പുൽക്കുഴൽ?
എവിടെപ്പോയെന്റെ കാലിൽക്കിലുങ്ങിയ ചിലമ്പുകൾ?
എവിടെപ്പോയെന്റെ നാവിൽ നിദ്രാണനിമിഷത്തിലും
പ്രസരിച്ചുംകൊണ്ടിരുന്ന ഭവൽക്കാരുണ്യപായസം?
മനസ്സിലെ ധ്വജാഗ്രത്തിലർധായുസ്സംഗമംവരെ
ചക്രവാളോന്മുഖം ചീനാംശുകം സ്പന്ദിച്ചുവെങ്കിലും
ഇപ്പോൾ ഗ്രഹണമോ? പാടേ സ്തംഭിപ്പൂ വായുമണ്ഡലം

കുഴഞ്ഞുവീണൊട്ടിനിൽപ്പൂ പാമരത്തിൽപ്പതാകയും.
അന്തിയോളം കോരിവെള്ളം; സസ്യങ്ങൾക്കേകി പാരണ;
ഉടയ്ക്കയോ പാറയിന്മേലന്തിക്കിസ്വർണമൺകുടം?
താരതമ്യേന നേരത്തെപ്പൂർവപുണ്യാനുവിദ്ധിയാൽ
വിജയാഹ്ലാദമോരോന്നും അർപ്പിച്ചല്ലോ നിനക്കു ഞാൻ.
പരാജയങ്ങളും നിങ്കലർപ്പിച്ചുംകൊണ്ടിരുന്നതോ,
ഒളിച്ചിരിക്കുന്ന നിന്റെ നീരസത്തിന്നു കാരണം?
കൃഷ്ണാ, നീതാനല്ലി ചൊല്ലി 'നാന്യദ്യൽ സദസൽപരം?'
എങ്കിലെൻ തോൽവിയും നിന്റെ തോൽവിയാവാതെ പറ്റുമോ?
ഇല്ലമേ ശങ്ക നിൻ വാക്കിൽ കുടികൊള്ളുന്നു നിൻപൊരുൾ:
എങ്കിലോ, നിന്റെ കൈപ്പൂവുണ്ടെന്റെ മൂർധാവിലിപ്പോഴും !
നിന്നിൽനിന്നെത്രയോ ദൂരെപ്പന്തലിൽക്കേറിയുണ്ടവൻ
ഇറങ്ങിയുണ്ണില്ല നിന്റെ മുന്നിൽ; നീതന്നെയല്ലീ ഞാൻ?

## വിവേചനം

ഒരു നൂൽപ്പാലത്തിന്മേലൂടെയാണിത്തീവണ്ടി–
യിരച്ചു പായുന്നതെന്നറിയുന്നു ഞാൻ സ്പഷ്ടം.
ഒരു നൂൽപ്പാലത്തിന്മേലൂടെയാണിക്കാറ്റീബ–
സ്സിരച്ചു പായുന്നതീയാകാശവിമാനവും,
ഒരു നൂൽപ്പാലത്തിലെ യന്ത്രപേടകത്തൂടെ–
യിറങ്ങുന്നു ഞാൻ ദൂരെച്ചന്ദ്രഗോളത്തിൻ മണ്ണിൽ.
എങ്കിലും നൂൽപ്പാലത്തെസ്സുവ്യക്തമായിക്കാണാ–
നെന്റെ കണ്ണുകൾക്കാവില്ലെന്ന കാര്യവും സത്യം.

ൟൟൟ

എത്ര ഗംഭീരൻ താങ്കൾ എന്നിലെ ഞാനേ, പക്ഷേ,
എത്രയോ ദയനീയൻ കൂടിയാകുന്നൂ താങ്കൾ.
ഒരു കൺതുറക്കലിൽത്താങ്കളുണ്ടായിത്തീർന്നു,
ഒരു കണ്ണടയ്ക്കലിൽത്താങ്കളില്ലാതായ്ത്തീർന്നു.
നിസ്സഹായതയിലെച്ചുമരിൻ പ്രതിധ്വനി
നിർഭരാനന്ദത്തിലെധൈര്യമെന്നറിവേൻ ഞാൻ.

## പട്ടം

പട്ടത്തിൻ ചരടിന്റെ നീളമിനിയും
വർധിച്ചുകൊള്ളട്ടെ, നീ
പൊട്ടിക്കൊല്ലിഴ, തൂർമയോടെ മുറുകെ–
ത്തന്നേ പിരിക്കാവൂ നീ;
കെട്ടിക്കൊള്ളുകതിന്റെ തുമ്പു വിരലിൽ;
ക്കാറ്റിൽത്തെറിച്ചെങ്കിലോ
കുട്ടീ, നിൻ മൃദുപാണി വിട്ടതകലേ–
ക്കെന്നാണു മത്സങ്കടം.

കാറ്റത്താക്കമനീയശൈശവകലാ–
സൗഭാഗ്യമെങ്ങേതു കാ–
ട്ടാറ്റിൽച്ചെന്നു പതിക്കുമെന്നു പറയാ–

നാവില്ല നോക്കാ,കയാൽ
ആറ്റും നോറ്റുമനേകനാളുകളിൽ നീ
വർഷിച്ച വേർപ്പത്രയും
നീറ്റും ബാഷ്പകണങ്ങളായ്പ്പരിണമി–
ച്ചാൽക്കഷ്ടമെന്നെൻ മതം.

## ഒമ്പതക്ഷരം

എൺപതു കി.മീ. സ്പീഡിലോടുന്ന മോട്ടോർകാറിൻ
മുമ്പിലേക്കഞ്ചാംക്ലാസിൽപ്പഠിക്കും ശിശു; ജവാൽ
''ശരണം ഗുരുവായൂരപ്പ!'' കാറിലെക്കൂട്ട–
മരണധ്വനി; ഡ്രൈവറുടെ കാൽക്കീഴിൽ ബ്രേക്കിൽ
ക്ലച്ചിലുമത്യുച്ചക്രേങ്കാരം; ഓതുന്നൂ നാട്ടാർ,
''കൊച്ചിനെത്തഴുകിയ കൈപോലെ നിൽപ്പൂ ബമ്പർ''.
''വേദനയില്ലേ?'' ഡോക്ടർക്കാശങ്ക; ''ലേശം പോലും
വേദനയില്ലെ''ന്നുണ്ണി; എങ്കിൽ മറ്റൊരുശങ്ക,
''വീണതെങ്ങിനെ?'' കൊച്ചൻ പരുങ്ങി,''അതുമാത്രം
ഞാനറിഞ്ഞിട്ടില്ല'',പ്പോൾ കാണികൾ സമർഥിച്ചു,
''ഒരു തോലയും കൂടി നീങ്ങിയിരുന്നൂ കാറെ–
ന്നിരിക്കിൽച്ചോരക്കളം മാത്രമായേനേ ബാക്കി.''

ൗൗൗ

''ശരണം ഗുരുവായൂരപ്പ!'' കണ്ടെത്തീ കാറിൽ–
ത്തിരികെ പോരും മൗനം, ''ഒമ്പതക്ഷരമത്രേ!''

## അബ്ദുള്ള

രണ്ടിമവെട്ടാത്ത കണ്ണാലടിമുടി
രണ്ടു മൂന്നാവർത്തിയെന്നെ നോക്കി
അത്ഭുതം കൂറീ സഹയാത്രികന്റെ ചു–
''ണ്ട,ച്യുതൻനമ്പൂരിയല്ലേ നിങ്ങൾ?''
ആളെത്തിരിച്ചറിയാതെ ഞാൻ തീവണ്ടി–
ച്ചൂളത്തിൽ ചൂളിപ്പിടിച്ചിരിക്കെ
മുന്നിലെസ്സീറ്റിലെഴുന്നേറ്റിരിക്കുന്ന
മുച്ചൂടും പ്രാകൃതനായ രോഗി
പിന്നെപ്പറവൂ; ''ഞാനബ്ദുള്ള''; തീവണ്ടി
പിന്നോട്ടായ്പ്പാച്ചിലെന്നെന്റെ ബോധം!
അമ്പതോളം കൊല്ലം മുമ്പത്തെ സ്കൂളിലെ–
സ്സമ്പന്നവിദ്യാർത്ഥിതൻ പ്രസാദം
മുന്നിൽത്തെളിഞ്ഞു വിടരവേ, ''കണ്ടതു
നന്നായെ''ന്നങ്ങോട്ടെൻ ഹസ്തദാനം!
അപ്പോഴേക്കും വണ്ടി പിന്നേത്തെ സ്റ്റേഷനിൽ;
അബ്ദുള്ള: ''കാണുമോ മേലിൽ നമ്മൾ?''
നിർഭരാശ്രുക്കളായ് കെട്ടിപ്പുണരുന്നു
നിസ്സഹായാത്മാക്കൾ രണ്ടുപേരും!
വായിലുദിച്ച മധുരം പൊഴിച്ചു ഞാൻ

വാതിൽക്കലോളമനുഗമിപ്പൂ
അബ്ദുള്ള താഴത്തിറങ്ങിസ്സലാംവെച്ചി–
ട്ടധ്വാനപൂർവമിഴഞ്ഞിടുന്നു.
വണ്ടി ചൂളംവിളിച്ചോടിത്തുടങ്ങി; ഞാൻ
രണ്ടാമതും സീറ്റിൽചാരിവീണു.
മെല്ലെന്നടയും മിഴിയിൽത്തെളികയായ്
ഫുല്ലാരവിന്ദമുഖപ്രസാദം.
പിന്നെ, ഞാനിന്നാദ്യം കണ്ട വാർദ്ധക്യത്തിൽ–
നിന്നെന്റെ നേർക്കു വിടർന്ന ദുഃഖം.
പിന്നെയാ വണ്ടിതന്നാസുരാക്രോശത്തിൽ–
നിന്നൂറിവന്ന പാട്ടായി മൗനം––

''എന്റെ കാലത്തു ജനിച്ചവരേ, നില–
ത്തെന്നെപ്പോൽ നീന്തിക്കളിച്ചവരേ,
എന്നെപ്പോൽ ഭിത്തിയിൽപ്പൊത്തിപ്പിടിച്ചെണീ–
റ്റന്യരെ നോക്കിജ്ജയിച്ചവരേ,
എന്നൊടൊത്തോടിക്കളിച്ചവരേ, തോട്ടി–
ലൊന്നിച്ചു ചാടി മദിച്ചവരേ,
മാവിൽക്കശുമാവിൽ പ്ലാവിലും തേൻതുമ്പി–
ത്തൂവലായ്, പ്പാറിത്തിമിർത്തവരേ,
പേർവിളി 'ച്ചണ്ടിക്കു പോ തുണ'യെന്നോതി–
ക്കൂവി മാങ്ങാച്ചേറിലാണ്ടവരേ,
ചങ്ങാതിക്കുത്തരം കട്ടെഴുതാൻ സ്ലേറ്റു
ചായ്ചും ചെരിച്ചും പിടിച്ചവരേ,
നിങ്ങൾ തൻ സ്നേഹം പുനർജനിച്ചിന്നു ഞാ–
നെന്റെയസ്തിത്വം മറന്നിടുന്നു.
ആ നവോന്മേഷത്തിൽച്ചാടിയെണീക്കുമെ–
ന്നാത്മാവു പെട്ടെന്നിരുന്നിടുന്നു,
നാഡി കൊളുത്തിപ്പിടിച്ചപോലെ, മുണ്ടിൽ
ബീഡിത്തീവീണു പടർന്നപോലെ.
പട്ടിയെപ്പോലെ കിതപ്പൂ ഞാനെങ്കിലും
പൊട്ടിക്കരയാതടങ്ങിനിൽപ്പൂ.
എന്റെ പല്ലൊക്കെക്കൊഴികിലും നിങ്ങളി–
ന്നെന്തും കടിച്ചുപൊട്ടിക്കയല്ലോ.
ഏതു കടമ്പയുമറ്റക്കഴായയും
ചാടിക്കടന്നു കുതിക്കയല്ലോ.
വണ്ടൻതെറിവന്നു കാതിൽ വീഴുമ്പൊഴും
മുണ്ടൻതറിയോങ്ങി നിൽക്കയല്ലോ!
അത്യാധുനികപരിതസ്ഥിതിയിലും
സ്തുത്യമേ നിങ്ങൾതൻ മെയ്വഴക്കം!
കാലപ്രവാഹത്തിൻ ഭാഷയും ശൈലിയും
കാതിന്നിണങ്ങാത്ത ഞാനവശൻ,
ഓരോ ഞൊടിയും പടച്ചവനേകുന്ന
കാരുണ്യമായിട്ടനുഭവിപ്പോൻ,
പാതവക്കത്തൊരു കമ്പിക്കാൽ ചാരിക്കൊ–
ണ്ടേതുമനങ്ങാതെ നിൽക്കയത്രേ,
കണ്ണിൽ തിമിരമിരുട്ടടിയിക്കയാൽ
കണ്ഠം കഫത്താലടയുകയാൽ

ഊന്നുവടിമേൽക്കുനിഞ്ഞു കൊണ്ടപ്പൊഴേ–
ക്കുച്ചത്തിൽ കൊക്കിക്കുരച്ചുകൊണ്ടും!
''പന്തുകളിക്കാൻ വരാത്തതെന്തിപ്പൊഴാ–
ത്തന്ത?'' ശങ്കിക്കുന്നു ബാല്യക്കാരൻ;
''മുക്കുത്തു വെക്കാൻ വരാത്തതെന്തിപ്പൊഴാ–
മൂത്താപ്ല?'' കൈക്കുഞ്ഞും സംശയിപ്പൂ!
കൊക്കിക്കുരച്ചു ഞാൻ മുമ്പോട്ടു കാൽവെയ്ക്കെ–
ക്കൊട്ടാംവടിയും നിലംപതിക്കെ,
പെട്ടെന്നകത്തുനിന്നൂറിയ പുഞ്ചിരി
വറ്റാതെ ചുണ്ടിൽപ്പരന്നു നിൽപ്പൂ;
ഇഷ്ടാനുസാരം ജനിക്കാൻ കഴികയി–
ല്ലിഷ്ടാനുസാരം മരിക്കുവാനും!
വിമ്മിക്കരയാൻ ശ്രമിക്കുന്ന വേളയിൽ
പമ്മിച്ചിരിക്കാനിടവരുന്നു!
കൈവിട്ട കുന്തം തിരിച്ചുകിട്ടാതിനി–
ക്കാലടി മുമ്പോട്ടു നീങ്ങലില്ല!
തീവെയിലല്ല തലയ്ക്കു വീഴുന്നതു
തൂവെണ്ണിലാവാണെന്നുള്ളമട്ടിൽ
പാതയിൽക്കുത്തിയിരുന്നു പരിസരം
പയ്യെപ്പരതിത്തുടങ്ങിയാലോ?
പണ്ടത്തെക്കൂട്ടുകാരാരെങ്കിലും വന്നീ–
പ്പാതയിൽ കുത്തിയിരിപ്പവനെ
കണ്ടെത്തുമെന്നെന്റെ സങ്കടം; കണ്ടാലും
മിണ്ടാതെ പോയെങ്കിലെന്നു മോഹം!....''

പിന്നത്തെ സ്റ്റേഷനിൽ തീവണ്ടി നിൽക്കെ ഞാൻ
കണ്ണുമിഴിച്ചുടൻ വാച്ചു നോക്കി
കണ്ണെവിടെപ്പോയി, വാച്ചെവിടെപ്പോയി?
കണ്ണീരുമാത്രമാണീ പ്രപഞ്ചം!

# എവിടെപ്പോയി?

കാതങ്ങൾക്കകലത്തെഝർമത്തിൻ മുഹൂർത്തത്തിൽ

കൈ ചെന്നു മുട്ടും യുഗം കണ്ടു ഞാൻ സന്തോഷിക്കെ
ആ യുഗവിമോചകശക്തി നൽകിയ ഭാര–
തീയ പൂർവികപാദം ചുംബിപ്പൂ പ്രണാമങ്ങൾ!

''വൈറ്റ് ഹൗസിലിരിക്കുന്ന റീഗനെസ്സന്ദർശിച്ചു
കൈ കൊടുത്തു ഗോർബച്ചേ'വിന്നലെപ്പത്രം ചൊല്ലി.
''ക്രെംലിനിലിരിക്കുന്ന ഗോർബച്ചേവുമായ് വീണ്ടും
സല്ലപിക്കുന്നൂ റീഗൻ,''ഇന്നത്തെപ്പത്രം ചൊൽവൂ.

മഞ്ഞുരുകിടാക്കാലാവസ്ഥയിൽ നൈരാശ്യത്തിൻ
നെഞ്ഞുരുകുമാറാളും നെരിപ്പോടുകൾക്കുള്ളിൽ
കട്ടിരോമത്തിൻ കൂർപ്പാസങ്ങളിലിറുകിയ
കണ്ഠകൗപീനക്കീഴിൽ പിടഞ്ഞു ഹൃദയങ്ങൾ.

എവിടെപ്പോയീ പണ്ടു ബയണറ്റഗ്രങ്ങളിൽ
ശവനർത്തനമാടിഗ്ഗർജിച്ച മാധ്വന്മാരും

അവർതൻ വൈരുധ്യത്തിൽ ഭൂതതത്ത്വത്തിൻ ശാസ്ത്ര–
മവരോധിക്കെ,ത്തൊണ്ട കാറിയ തൂവൽത്തുമ്പും?

ഉള്ളതുതന്നേ ദ്വൈതരൂപങ്ങൾ എന്നാൽ, ശരി–
ക്കുള്ളതദ്വൈതം മാത്രം: എന്നല്ലീ പറയുന്നു
അണുവിൽ പ്രവർത്തിക്കും പ്രോട്ടോണും ന്യൂട്രോണുമൊ–
ത്തനുകൂലഭാവത്തിൽ വർത്തിക്കുമിലക്ട്രോണും?

എത്രയോ ദൂരത്തുള്ള കുമരനല്ലൂരിൽ നി–
ശ്ശബ്ദതയിലെൻ ബോധമെന്തിനീ വൃത്താന്തത്തെ
ശോണരക്താണുക്കൾ തൻനർത്തനപുളകത്തെ
ആനന്ദാശ്രുവിൻ നിത്യാഞ്ജലിയാൽ ചുംബിക്കുന്നു?

ഏതു രോഗിയോ ചൊന്നത്? ഓർമയി''ല്ലൂ,ദരത്തിൻ
വേദനപോയീ ലോകസംഘർഷം കുറഞ്ഞപ്പോൾ
മരണം കുറേക്കൂടി ദൂരേക്കു മാറിപ്പോകെ,
ചരണം കുറേക്കൂടിത്താളബദ്ധമായ്ക്കാണ്കെ!''

# നേട്ടവും കോട്ടവും

എന്റെ നേട്ടമെനിക്കെന്നു ചൊന്നാ–
ലെന്റെ കോട്ടവും നീയെനിക്കേകും;
എന്റെ നേട്ടം നിനക്കെന്നു ചൊന്നാ–
ലെന്റെ കോട്ടവും നീ ചുമക്കുന്നു.

ഞാനറിഞ്ഞില്ലീ വാസ്തവമാദ്യം.
ഞാനേ ഞാനെന്ന ധാരണ മൂലം.
എന്റെ നേട്ടവും കോട്ടവും പേറു–
മെല്ലുറച്ച മധ്യാഹ്നതാപത്തിൽ
എന്റെ വീടീ പ്രപഞ്ചം മുഴുവ–
നെന്നഹങ്കരിച്ചോടി ഞാൻ വീഴ്കെ,
എന്റെ നട്ടെല്ലൊടിയുവാനെന്തേ,
എന്റെ കണ്ണീർ പൊടിയുവാനെന്തേ?
എന്റെ നേട്ടവും കോട്ടവുമെല്ലാം
നിന്റേതെന്നശ്രു മന്ത്രണംചെയ്കെ
എല്ലു വീണ്ടും നിവരുവാനെന്തേ,
എല്ലാം നീയെന്നുണരുവാനെന്തേ?

എന്തൊരുന്മേഷമെന്റെ ദേഹത്തി–
ന്നെന്തു ലാഘവമെന്നുല്ലസിക്കെ,
എന്റെ വേർപ്പിൻ വിജൃംഭിതഭാര–
മെന്തേ കീഴോട്ടൊഴുകുവാനാവോ!
ആറ്റിൽ പെട്ടെന്നു ഭാവി പൗരൻ ത–
ന്നർഭകരോ തുടിച്ചു രസിപ്പൂ?
കുന്നിൽനിന്നുഞാൻ കുന്നിറങ്ങുമ്പോ–
ളന്നോ ഭൂമിക്കൊരുമ്മ കൊടുത്തു?
ഭൂമി പെട്ടെന്നു വാപിളർന്നെന്നെ
ഭൂരിസ്നേഹം വിഴുങ്ങിയ നേരം

എങ്ങു ഞാനെന്റെ നേട്ടമെൻ കോട്ട–
മെന്നാരാഞ്ഞ ഗവേഷകനത്രേ
താളിയോലയിൽ കോറിവെച്ചാൻ:‘‘ഈ–
യാളോടൊപ്പം തിരോഭവിച്ചല്ലോ
ഇദ്ദേഹത്തിന്റെ ലാഭനഷ്ടങ്ങ,–
ളിപ്പോൾ ശേഷിപ്പതീ നദി മാത്രം.
ഏതു ചൂടുമിതിലൊലുമ്പുമ്പോൾ
ഭൂതകാല സുശീതളഭാവം;
ഏതു ഞാനുമാപ്പുണ്യക്ഷണത്തിൽ
സ്ഫീതമാം ഭവൽപൂർണത മാത്രം!’’

## പാലം

‘‘കണ്ണടയാതമരുമ്പോൾ സ്വപ്നം കണ്ടേനാശ്ചര്യകരം’’
ഭക്തൻ ചൊല്ലിത്തുടങ്ങിയപ്പോൾ മുക്തൻ ചെവികൂർപ്പിച്ചു,
‘‘കണ്ണെത്താക്കടലിൽത്താഴുന്നൂ മണ്ണുരുളകണക്കുലകം.
കുറച്ചു വഞ്ചികളങ്ങോട്ടിങ്ങോട്ടിരച്ചു പാഞ്ഞീടുന്നു.
പെട്ടൊന്നൊരു തിരമാലയിലവയും
പെട്ടുമറിഞ്ഞു മറഞ്ഞു.
ഞാനും വേറേ ചിലരും മുമ്പിൽ
കാണുന്നുണ്ടൊരു കപ്പൽ.
അതിൽക്കരേറാൻ പൊത്തിപ്പിടിയാ–
യവരോടൊപ്പം ഞാനും.
അപ്പൊഴുതുണ്ടാക്കരകാണാക്കട–
ലപ്പിനുമീതേ ശാന്തം
ചുമ്മാ കാലടിവെച്ചകലുന്നൂ.
ബ്രഹ്മജ്ഞാനിയൊരുത്തൻ
‘തത്രഭവാനീജ്ജലധിയിലെങ്ങനെ–
യിത്ര വിലാസത്തോടെ
ചരിച്ചിടുന്നു?’–– ഞാനാരാഞ്ഞു;
ചിരിച്ചുപോയദ്ദേഹം.
‘‘അടിയിൽസ്ഥിതിചെയ്യുന്നു സുഹൃത്തേ,
നെടുനീളത്തിൽപ്പാലം’’.
*മുക്തനുരച്ചാൻ; ‘‘അണിവൂ മേനിയിൽ
മുഴുവൻ ഞാൻ രോമാഞ്ചം.’’

## സ്പർശമണികൾ*

എങ്ങുപോയ് ബാല്യത്തിലെന്റെ കൈവെള്ളയിൽ
തങ്ങിയ സ്പർശമണികൾ?

കാതങ്ങൾ കാലാൽ മെതിച്ചുവന്ന,ന്നെന്റെ
വാതിലിൽ മുട്ടിയ ലോകം,
അസ്ത്രീപുരുഷവിഭേദമാമാബാല–
വൃദ്ധമാനുഷ്യകാഹ്ളാദം,

കൊണ്ടുവരാറുള്ള സൂചിയുമാണിയും
ദണ്ഡും ശരിക്കിരുമ്പെങ്കിൽ
പൊന്നാക്കിയിട്ടേ മടങ്ങിയുള്ളൂ: എനി–
ക്കിന്നവിശ്വാസ്യമബ്ഭൂതം!
അന്നീ പ്രദേശത്തു കുന്നും മലകളും
പൊന്നു വിളയുന്ന മണ്ണും
കുണ്ടനിടവഴിക്കാടുമതിൽ ചേന–
ത്തണ്ടനും മാത്രമേയുള്ളൂ.
അറ്റക്കഴായകൾ ചാടിക്കടക്കുമ്പോൾ
ചുറ്റിയ മുണ്ടു നനഞ്ഞു.
മുണ്ടിൽ ചളിപുരളാതെ വന്നെത്തുമാ–
റുണ്ടായിരുന്നില്ലൊരാളും.
കല്ലിൽ മുള്ളിൽ തട്ടിച്ചോരവരാത്ത കാ–
ലില്ലന്നു വന്നവർക്കാർക്കും.
എങ്കിലും വന്നാരതിവിദൂരസ്ഥരു–
മേങ്ങിക്കുരച്ചും കിതച്ചും.
ഉണ്ണാതുറങ്ങാതെ ക്ഷീണിച്ചവശരാ–
യെണ്ണിയാൽ തീരാജ്ജനങ്ങൾ!
എന്തിനുവേണ്ടിയാ ക്ലേശഭൂയിഷ്ഠര–
ന്നെന്നെത്തിരഞ്ഞുവന്നെത്തി?
വിശ്വസിച്ചാരവരൊക്കെയെൻ കൈയിലെ
സ്പർശമണിതൻ യശസ്സിൽ –
കണ്ടില്ല പക്ഷേ ഞാനെൻ കൈയി,ലാളുക–
ളുണ്ടെന്നു ചൊല്ലുമാ വസ്തു.
കാണായ്കിലുമവർ കൊണ്ടുവന്നേകിയ
കാരിരുമ്പിന്മേൽ ഞാൻ തൊട്ടാൽ
പെട്ടെന്നതത്രയും സ്വർണ്ണമായ് മാറുന്നു,
ഞെട്ടി ഞാൻ സ്തംഭിച്ചുനിൽപ്പൂ!

എങ്ങുപോയ് ബാല്യത്തിലെന്റെ കൈവെള്ളയിൽ
തങ്ങിയ സ്പർശമണികൾ?

പൊന്നാക്കുവാൻ വന്ന നല്ലവർ കാഴ്ചയായ്
തന്നിരുന്നു ഫലം, പക്വം,
അന്നവും വസ്ത്രവുമാഭരണങ്ങളും:
തന്നില്ല പൊന്നും പണവും.
കിട്ടുമെന്നോർക്കാതെ കിട്ടിയതാകയാൽ
കിട്ടിയ വസ്തുക്കൾതന്നെ
തുഷ്ടനാക്കിത്തീർത്തിതെന്നെ,യെന്നാൽക്കൂടി
തൃപ്തനായില്ല ഞാനുള്ളാൽ.
കെട്ടിക്കിടപ്പുണ്ടിരുമ്പിന്റെ തുണ്ടുകൾ
കൊട്ടക്കണക്കിലീ വീട്ടിൽ.
മറ്റാരും കാണാതെ ഞാനവ കൈകൊണ്ടു
തൊട്ടേനിടയ്ക്കും തലയ്ക്കും.
ഈയിരുമ്പാകെപ്പൊന്നാകിൽ ഞാനായ്ത്തീരു–
മിന്നുള്ളവരിൽ കുബേരൻ!
അന്യന്മാർ കൊണ്ടുവരുമിരുമ്പത്രയും
പൊന്നാക്കിയ വിരലെന്നാൽ
സ്വന്തമിരുമ്പിനെത്തൊട്ടാലുഴിഞ്ഞാലു–
മന്തരാ മൂർത്തനൈരാശ്യം!
പത്തരയില്ല മാറ്റെങ്കിലും വേണ്ടയോ

ഇത്തിരി മഞ്ഞപ്പതിന്നും?

എങ്ങുപോയ് ബാല്യത്തിലെന്റെ കൈവെള്ളയിൽ
തങ്ങിയ സ്പർശമണികൾ?

പിന്നെയുമന്തിയുറങ്ങിപ്പുലർച്ചയ്ക്കു
കണ്ണു മിഴിച്ചു നോക്കുമ്പോൾ
കാണുന്നതൊക്കെക്കറുപ്പിൽ പൊതിഞ്ഞവ–
യാണെന്നുകണ്ടു ഞാൻ ഞെട്ടി.
പല്ലുതേക്കാൻ തുടങ്ങുമ്പൊഴോ, പല്ലുക–
ളില്ലൊന്നുപോലുമെൻ വായിൽ.
ഒന്നും ശരിക്കു ചെവിയിൽ പതിയുന്നി–
ല്ലന്യരോതും വിശേഷങ്ങൾ.
എന്തുപറ്റീ? ഞാൻ തലയ്ക്കു കൈവെച്ചിതാ,
കുന്തിച്ചിരിപ്പൂ കോലായിൽ!
പെട്ടെന്നിതാ, കാറിലാരോ വിദേശികൾ
മുറ്റത്തു വന്നിറങ്ങുന്നു!
രായ്ക്കുരാമാനമെൻ വീട്ടുമുറ്റത്തേക്കു
റോഡാരുവെട്ടിയുണ്ടാക്കി?
കാലുറയിട്ടവർ, പാപ്പാസണിഞ്ഞവർ,
കണ്ഠകൗപീനം ധരിച്ചോർ,
കാറിറങ്ങുന്നവർ കോലായിലേക്കിതാ,
കേറിയില്ലപ്പോഴേക്കെത്തീ
ലോറിയിൽപ്പിന്നാലെയൊന്നല്ലു,രുക്കിന്റെ
ബാറുകൾ നൂറുനൂറെണ്ണം.
കാര്യം മനസ്സിലാവുന്നുണ്ടി, വരുടെ
കണ്ണെന്റെ സ്പർശമണിയിൽ.
എങ്കിലു, ''മുണ്ടോ ശരിക്കതിന്നെൻ കൈയിൽ?''
എന്നു മൽക്ഷിപ്രവാർദ്ധക്യം.
''ചെന്നുതൊടേണമുരുക്കുബാറങ്ങെ''–ന്നീ
വന്നവർ ശാഠ്യം പിടിച്ചാൽ
എന്തു പറയും മറുപടി? എന്നെന്റെ
ചിന്തവേർപ്പായിട്ടൊലിപ്പൂ.
പെട്ടെന്നു നീണ്ടുവെളുത്ത വെള്ളത്താടി
തൊട്ടുഴിഞ്ഞുകൊണ്ടിരിക്കേ
നാഗസ്വരത്തിൻ തകിലടി പോലെന്റെ
നാഡിമിടിപ്പു ഞാൻ കേൾപ്പൂ.
ചായ തിളയ്ക്കും വരേക്കിരിക്കട്ടെ കോ–
ലായിൽസ്സുവർണാതിഥികൾ.
പിന്നെ ഞാനെന്തുപറയും മറുപടി–
യെന്നാണൊടുവിലെച്ചോദ്യം.

എങ്ങുപോയ് ബാല്യത്തിലെന്റെ കൈവെള്ളയിൽ
തങ്ങിയ സ്പർശമണികൾ?